# താമരമൊട്ടുകൾ

താമരശ്ശേരി രൂപതാ ബുള്ളറ്റിൻ



വാല്യം 20  ജനുവരി 2026  ലക്കം 1  Price: 20

# BISHOP'S PROGRAMME
## JANUARY 2026

| | | | | | |
|---|---|---|---|---|---|
| 1 | 09.15 | Poothampara | 16 | 09.00 | Kozhikode |
| | 12.00 | Kunduthode | | 15.00 | Karuvarakundu |
| | 15.30 | Chevayoor | | 17.30 | Pandalloor |
| | 18.00 | Kozhikode | 17 | 07.00 | Koodaranji |
| 2 | 09.15 | Kannoth | | 09.00 | Mukkom |
| | 12.00 | Pushpagiri | | 10.00 | Thamarassery |
| | 15.00 | Koodaranji | | 16.45 | Kattippara |
| 3 | 09.15 | Kakkavayal | 18 | 15.30 | Thamarassery |
| | 15.00 | Vettilappara | | 16.45 | Thenjippalam |
| | 17.00 | Pullanjimedu | 19-21 | | Junior Clergy |
| 4 | 18.00 | Poozhithode | 22 | | Office day |
| 5 | 06.30 | Engappuzha | | 15.00 | Thamarassery |
| | 10.00 | Thamarassery | 23 | | Prayer Day |
| | 15.00 | Karuvarakundu | 24 | 10.30 | Chevarambalam |
| | 19.30 | Thamarassery | | 17.00 | Vettilappara |
| 6-10 | | Synod | 25 | 10.00 | Mariyapuram |
| 11 | 10.30 | Thalipparambu | | 15.00 | Karuvarakundu |
| | 16.00 | Engaged | | 17.00 | Thazhekkode |
| 12 | 11.00 | Chempanoda | 26 | | Engaged |
| | 17.00 | Thamarassery | 27 | | Office Day |
| 13 | 06.30 | Malaparambu | 28 | 10.30 | Chakkittapara |
| | 11.00 | Kozhikode | | 17.00 | Vilakkamthode |
| | 17.30 | Kunduthode | 29 | | |
| 14 | 10.00 | Kozhikode | | 10.00 | Puthuppady |
| | 17.00 | Korangad | | 06.30 | Karikandanpara |
| 15 | 07.00 | Vettilappara | | 17.00 | Koodaranji |
| | 11.00 | Paroppady | 30-31 | | Kanjirappally |
| | 18.00 | Pullorampara | | | |

# താമരമൊട്ടുകൾ

## Thamarassery Diocesan Bulletin

ജനുവരി 2026

വാല്യം: 28 - ലക്കം: 1

**Chief Editor**

**Chancellor**

**Diocese of Thamarassery**

Thamarassery, Kozhikode - 673573

Tel: 0495-2223376, 2963370

email: diocesetmy09@gmail.com

www.thamarassserydiocese.com

## ഉള്ളടക്കം


| | | |
|---|---|---|
| 1. | ആശംസകൾ | 2 |
| 2. | പ്രോഗ്രാം | 4 |
| 3. | സർക്കുലർ 29/2026 | 5 |
| 4. | സർക്കുലർ 28/2026 | 10 |
| 5. | കച്ചേരിക്കാര്യം | 12 |
| 6. | പാവനസ്മരണയ്ക്ക് | 14 |
| 7. | ആദരാഞ്ജലികൾ | 15 |
| 8. | സമുദായ ശക്തീകരണവർഷം | 16 |
| 9. | റൂബി ജൂബിലി | 17 |
| 10. | വിശ്വാസപരിശീലനം | 18 |
| 11. | ചെറുപുഷ്പ മിഷൻലീഗ് | 24 |
| 12. | സെമിനാരി വാർത്തകൾ | 26 |
| 13. | മദ്ബഹ ശുശ്രൂഷാസംഘം | 27 |
| 14. | കെസിവൈഎം-എസ്എംവൈഎം | 28 |
| 15 | കുടുംബകൂട്ടായ്മ | 30 |
| 16. | ബൈബിൾ അപ്പോസ്തോലേറ്റ് | 32 |
| 17. | മാതൃവേദി | 33 |
| 18. | എയ്ഡർ എഡ്യൂക്കെയർ | 34 |
| 19 | സ്റ്റാർട്ട് | 37 |
| 20. | ആൽഫാ മരിയ അക്കാദമി | 38 |
| 21. | കത്തോലിക്ക കോൺഗ്രസ് | 39 |
| 22. | മരിയൻ പ്രോലൈഫ് | 40 |
| 23. | കരിസ്മാറ്റിക് മൂവ്മെന്റ് | 41 |
| 24. | ക്രിസ്റ്റീൻ മിനിസ്ട്രി | 42 |
| 25. | ജീസസ് ഫ്രട്ടേണിറ്റി | 43 |
| 26. | കരുണാഭവൻ | 44 |
| 27. | ബഥാനിയ ധ്യാനകേന്ദ്രം | 45 |
| 28. | വികസനവേദി | 47 |
| 29. | തീർഥയാത്രകൾ | 54 |
| 30. | ഇൻഫാം | 55 |
| 31. | യേശുനിധി | 56 |
| 32. | അജപാലനകുറിപ്പുകൾ | 57 |






# Birthday Greetings

## Rev. Fathers

| | | |
|---|---|---|
| Alunkal Augustine | January | 1 |
| Karikunnel Antony | ,, | 4 |
| Kulathinkal Mathew | ,, | 6 |
| Purayidathil Sebastian | ,, | 8 |
| Pattasseril Sebastian | ,, | 10 |
| Poothakuzhy Joseph | ,, | 10 |
| Keelath Joseph | ,, | 13 |
| Kaviyil Francis | ,, | 15 |
| Panthaplackal Joseph | ,, | 17 |
| Kollamparambil Mathew | ,, | 18 |
| Naduvathettu Francis | ,, | 19 |
| Mukala Kuriakose | ,, | 20 |
| Moolayil John | ,, | 22 |
| Pootharmannil Peter | ,, | 30 |

**Mar Remigiose Inchananiyil**




# Feast Day Greetings

**Rev. Fathers**

| | | |
|---|---|---|
| Kuroor Emmanuael | January | 1 |
| Kochukaipayil Kuriakose | ,, | 3 |
| Mukala Kuriakose | ,, | 3 |
| Palakeel Kuriakose | ,, | 3 |
| Puthenveettil Kuriakose | ,, | 3 |
| Cheeramattathil Sebastian | ,, | 20 |
| Embrayil (Sr.) Sebastian | ,, | 20 |
| Embrayil (Jr.) Sebastian | ,, | 20 |
| Chembukandathil Sebastian | ,, | 20 |
| Karackattu Sebastian | ,, | 20 |
| Karackal Sebastian | ,, | 20 |
| Kavalakkattu Sebastian | ,, | 20 |
| Mattappallil Sebastian | ,, | 20 |
| Muringayil Sebastian | ,, | 20 |
| Panamattamparambil Sebastian | ,, | 20 |
| Parathottathil Sebastian | ,, | 20 |
| Pattasseril Sebastian | ,, | 20 |
| Pulickal Sebastian | ,, | 20 |
| Purayidathil Sebastian | ,, | 20 |
| Msgr. Puthiyaparambil Sebastian | ,, | 20 |
| Vadakkel Sebastian | ,, | 20 |

**Mar Remigiose Inchananiyil**




# പ്രോഗ്രാം

| | | |
|---|---|---|
| 01 | വ്യാഴം | വർഷാരംഭം, കർത്താവിന്റെ നാമകരണത്തിരുനാൾ |
| 03 | ശനി | വി. ചാവറ കുര്യാക്കോസ് ഏലിയാസ് |
| 06 | ചൊവ്വ | **ദനഹ തിരുനാൾ** |
| 13 | ചൊവ്വ | വി. യോഹന്നാൻ മാംദാന |
| 14 | ബുധൻ | വി. ദേവസഹായം |
| 20 | ചൊവ്വ | വി. പത്രോസ് - പൗലോസ് ശ്ലീഹന്മാർ |
| 21 | ബുധൻ | **ചരമദിനം: ഫാ. ജോസഫ് മൈലാടൂർ (2016)** |
| 22 | വ്യാഴം | **മൂന്ന് നോമ്പ് ആരംഭം** |
| 24 | വെള്ളി | വി. ഫ്രാൻസിസ് ദി സാലസ് |
| 26 | തിങ്കൾ | വിശുദ്ധ സുവിശേഷകന്മാർ |
| 27 | ചൊവ്വ | വി. തോമസ് അക്വിനാസ് |
| 31 | ശനി | വി. ജോൺ ബോസ്കോ |

# സമുദായ ശക്തീകരണ വർഷം-2026

*സർക്കുലർ 29/2025*

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

2026 ൽ സീറോ മലബാർ സഭ സമുദായ ശക്തീകരണ വർഷമായി ആചരിക്കുകയാണല്ലോ. ഭാരതമണ്ണിൽ മാർ തോമാശ്ലീഹാ നട്ടുവളർത്തിയ നസ്രാണി സമുദായം ഇന്ന് ലോകമെങ്ങും പടർന്നു പന്തലിച്ച വടവൃക്ഷമാണ്. ഈ മരത്തിന്റെ ശാഖകളും കായ്ഫലങ്ങളും കണ്ട് നമുക്ക് അഭിമാനിക്കുകയും ദൈവപരിപാലനയ്ക്ക് നന്ദിപറയുകയും ചെയ്യാം. സമുദായത്തെ ശക്തിപ്പെടുത്തേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. ഈ ബോധ്യം എല്ലാവരിലേക്കും എത്തിക്കുന്നതിനാണ് 2026-ാം ആണ്ടിനെ സമുദായ ശക്തീകരണ വർഷമായി സീറോ മലബാർ സഭ പ്രഖ്യാപിച്ചിരിക്കുന്നത്. സമുദായ ശക്തീകരണ വർഷത്തിന്റെ നമ്മുടെ രൂപതാ തലത്തിലുള്ള ഉദ്ഘാടനം 2026 ജനുവരി 2 ന് കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് പള്ളി അങ്കണത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്.

സഭ ആത്മീയമായ ശരീരമാണെങ്കിൽ, സമുദായം അതിന്റെ ഭൗതികമായ വസതിയാണ്. സമുദായം ദുർബലമായാൽ സഭയുടെ സാമൂഹികവും രാഷ്ട്രീയവുമായ സംവേദനക്ഷമത നഷ്ടപ്പെടും. ബാബിലോൺ പ്രവാസകാലഘട്ടത്തിൽ ഇസ്രായേൽ അനുഭവിച്ചത് അപ്രകാരം ദുർബലമായ സാഹചര്യമാണ്. ജറുസലേം നഗരവും ദൈവാലയവും അക്കാലത്ത് വിസ്മൃതിയലാണ്ടുപോയി. തകർക്കപ്പെട്ട മതിലുകളെ ഓർത്ത് അനേകം വർഷങ്ങൾ അവർ ദുഃഖിക്കുകയും നഷ്ടപ്പെട്ട ഒരുമയെയോർത്ത് പരിതപിക്കുകയും ചെയ്തു. പുറമേനിന്നുള്ള ആക്രമണങ്ങളെക്കാൾ തങ്ങൾക്കുള്ളിലെ

ശത്രുക്കളാണ് അവരുടെ മനോവീര്യം നശിപ്പിച്ചത്. എന്നാൽ വിപ്രവാസിയായി രുന്ന നെഹമിയ ജനത്തെ ഒരുമിച്ചുകൂട്ടുകയും 'വരുവിൻ, നമുക്ക് ജറുസലെമിന്റെ മതിൽ പണിയാം' (നെഹെമിയാ 2:17) എന്നആഹ്വാനത്തിലൂടെ ദൈവജനത്തിന് ആത്മബലം നല്കി ജറുസലെമിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കു കയും ചെയ്തു. നെഹെമിയായുടെ  ഈ ആഹ്വാനം ഇന്ന് നമ്മുടെ സമുദായത്തിന് ഏറെ പ്രസക്തമാണ്. നെഹെമിയായുടെ ആഹ്വാനം സ്വീകരിച്ച ഇസ്രായേൽ മക്കളിൽ ഓരോരുത്തരും താന്താങ്ങളുടെ ഭാഗം പണിതതുപോലെ സമുദായത്തിലെ ക്രിയാശേഷിയുള്ള ഓരോ വ്യക്തിയും തങ്ങളുടെ കഴിവിന്റെ പരമാവധി ഒരുമിച്ച് നിന്ന് പ്രവർത്തിക്കാൻ തയ്യാറായെങ്കിൽ മാത്രമേ സമുദായ ശക്തീകരണ വർഷത്തിലെ പദ്ധതികൾ ലക്ഷ്യം കൈവരിക്കുകയുള്ളൂ. ആധുനിക കാലത്തെ വെല്ലുവിളികളെ നേരിടാൻ ഒരുമയോടെ നിൽക്കേണ്ടത് നമ്മുടെ അതിജീവനത്തിന്റെ ആവശ്യമാണ്.

നിരവധി പ്രതിസന്ധികളെയും വെല്ലുവിളികളെയും നമ്മുടെ സമുദായം ഇന്ന് അഭിമുഖീകരിക്കുന്നുണ്ട്. സർക്കാർ തലത്തിലും - സഭാ തലത്തിലും നടത്തിയിട്ടുള്ള പഠനങ്ങൾ നമ്മൾ നേരിടുന്ന ഗുരുതരമായ പിന്നാക്കാവസ്ഥയെ സൂചിപ്പിക്കുന്നു. തീവ്രമായ കുടിയേറ്റവും ജനനനിരക്കിനേക്കാൾ ഉയർന്ന മരണനിരക്കും സൂക്ഷ്മ ന്യൂനപക്ഷം എന്ന അപകടകരമായ അവസ്ഥയിലേക്ക് നമ്മെ എത്തിക്കുകയാണ്. പരമ്പരാഗത കാർഷിക മേഖലയിലെ തളർച്ചയും സംരംഭകത്വ രംഗത്തെ പങ്കാളിത്ത കുറവും നമ്മുടെ സാമ്പത്തിക ഭദ്രതയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. നീതിരഹിതമായ സംവരണനിയമങ്ങൾ പൊതുതൊഴിലിടങ്ങളിലും ഉന്നത ജോലിമേഖലകളിലും നമ്മുടെ യുവജനങ്ങളുടെ സാധ്യതകളെ ഇല്ലാതാക്കുകയും ന്യൂനപക്ഷ അവകാശങ്ങൾ അട്ടിമറിക്കപ്പെടുന്നത് വലിയ സാമൂഹിക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. സജീവ രാഷ്ട്രിയത്തോടുള്ള വിമുഖതയും ഇന്ന് വർദ്ധിച്ചു വരുകയാണ്. വിതരണത്തിലെ അശാസ്ത്രിയതമൂലം അർഹമായ നിരവധി ന്യൂനപക്ഷ ആനുകൂല്യങ്ങളും സർക്കാർ ക്ഷേമ പദ്ധതികളും

സമുദായത്തിന് പൂർണ്ണമായി ലഭിക്കുന്നില്ല. ഒരു സമുദായം എന്നരീതിയിൽ ഇന്ന് നാം അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ തിരിച്ചറിയുന്നതൊടോപ്പം ഒരുമിച്ച് നിന്ന് ഉണർവോടെ ഉയിർത്തേഴു ന്നേൽക്കാൻ 2026 ൽ വിഭാവനം ചെയ്തിരിക്കുന്ന സമുദായ ശക്തീകരണ വർഷത്തിലൂടെ സാധിക്കട്ടേയെന്ന് പ്രാർഥിക്കുന്നു.

**സമുദായ ശക്തീകരണവർഷത്തിൽ നമുക്ക് എന്ത് ചെയ്യാൻ സാധിക്കും?**

നമ്മൾ ഒരു സമുദായമാണെന്നുള്ള സ്വത്വബോധം ഉറപ്പിക്കുവാനുള്ള പരിശ്രമങ്ങൾക്കാണ് ഈ വർഷം സവിശേഷമായ പ്രാധാന്യം നൽകുന്നത്. ഔദ്യോഗിക രേഖകളിൽ 'സീറോ മലബാർ സിറിയൻ കാത്തലിക്' എന്ന നാമം ഏകീകൃതമായി നാം ഉപയോഗിക്കുകയും നമ്മുടെ തനിമയും പൈതൃകവും മനസ്സിലാക്കി സ്നേഹിക്കാനുള്ള അത്മാർഥമായ പരിശ്രമങ്ങൾ ആരംഭിക്കുകയും വേണം. നമ്മുടെ ചരിത്രവും പാരമ്പര്യവും വരുംതലമുറയ്ക്ക് പകർന്നുനൽകാനും നസ്രാണി സംസ്കാരം സംരക്ഷിക്കാനായി, തനതായ കലകൾ, വസ്ത്രധാരണം, പരമ്പരാഗത ഭക്ഷണവിഭവങ്ങൾ എന്നിവ ഉൾപ്പെടെ സ്വത്വബോധം വളർത്താനുതകുന്ന എല്ലാ നന്മകളേയും പ്രോൽസാഹിപ്പിക്കാനുമുള്ള വർഷമാണിത്. നമ്മുടെ സമുദായ ത്തിന്റെ ചരിത്രനിർമിതിയിലും പുരോഗമനത്തിലും അക്ഷീണം യത്നിച്ച മഹാരഥന്മാരെ അനുസ്മരിക്കാനും അവരിൽനിന്ന് പ്രചോദനം ഉൾക്കൊള്ളാനുമുള്ള കൂട്ടായ പരിശ്രമങ്ങൾക്ക് ഈ വർഷം സാക്ഷ്യമാകട്ടെ. അതിനായി, സീറോ മലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ തയ്യാറാക്കിയ 'കൈപ്പുസ്തകം' കുടുംബക്കൂട്ടായ്മ തലങ്ങളിൽ പഠനവിധേയമാക്കു കയും പ്രയോഗികമായ തീരുമാനങ്ങൾ എടുത്ത് വിജയപഥത്തിലെത്തി ക്കാൻ പരിശ്രമിക്കുകയും ചെയ്യുമല്ലോ. നമ്മുടെ ഔദ്യോഗിക സമുദായ സംഘടനയായ കത്തോലിക്ക കോൺഗ്രസിനെ ഇടവകകളിൽ ശക്തിപ്പെടുത്തി, സാമൂഹ്യ ഇടപെടലുകളിലൂടെ സമുദായത്തിന്റെ സംഘടിതമായ പ്രസക്തിയെക്കുറിച്ച് ഏവരും

ബോധവാന്മാരാകുമ്പോൾ സമുദായ ശക്തീകരണവർഷം തികച്ചും അർഥപൂർണ്ണമാകും.

കുടുംബം ദൈവത്താൽ സ്ഥാപിതവും കുഞ്ഞുങ്ങൾ ദൈവത്തിന്റെ ദാനവുമാണ്. ക്രിസ്തുവിന് സാക്ഷ്യം നൽകുന്ന കുടുംബങ്ങൾ രൂപീകരിക്കാനും ജീവന്റെ സുവിശേഷവും സംസ്കാരവും പ്രോത്സാഹിപ്പിക്കാനുമുള്ള കർമ്മപദ്ധതികൾ നടപ്പിലാക്കുക എന്നതും സമുദായ ശക്തീകരണ വർഷത്തിലെ കർമ്മപദ്ധതികളിൽ ഉൾപ്പെടുന്നുണ്ട്. സാമ്പത്തിക അച്ചടക്കത്തിന്റെ പ്രാധാന്യം യുവകുടുംബങ്ങളെ ബോധ്യപ്പെടുത്തേണ്ടതും കൗമാരക്കാർക്കും യുവജനങ്ങൾക്കും ജന്മനാട്ടിൽ തൊഴിൽസാധ്യതയുള്ള മേഖലകളെ പരിചയപ്പെടുത്തേണ്ടതും ഈ വർഷത്തെ പദ്ധതികളിൽ പ്രധാനപ്പെട്ടതാണ്. കർഷക കൂട്ടായ്മകൾ, സ്റ്റാർട്ടപ്പുകൾ, പള്ളികളോട് അനുബന്ധിച്ചുള്ള പ്രാദേശിക വിപണനം എന്നിവ ശക്തമാക്കാനുള്ള പരിശ്രമങ്ങളും സമാന്തരമായി നടപ്പിൽ വരുന്നു. ന്യൂനപക്ഷ അവകാശങ്ങളും സംവരണ ആനുകൂല്യങ്ങളും നേടിയെടുക്കാൻ പ്രതിജ്ഞാബന്ധതയോടെ ഇനിയും വളരെയേറെ ദൂരം നമുക്ക് സഞ്ചരിക്കാനുണ്ട്. അവകാശങ്ങൾ അർഹരായ ഇടവകാംഗങ്ങൾക്ക് ഉറപ്പുവരുത്താൻ രൂപതയിൽ ആരംഭിച്ചിരിക്കുന്ന ഹെൽപ്പ് ഡെസ്കിന്റെ പ്രവർത്തനങ്ങൾ ഇടവകകളിലേക്ക് വിപുലീകരിക്കാൻ നിങ്ങൾ ഏവരുടെയും സഹകരണവും പ്രതീക്ഷിക്കുകയാണ്.

2026 ൽ സമുദായ ശക്തീകരണവർഷമായി സീറോ മലബാർ സഭ ആചരിക്കുമ്പോൾ, നമ്മുടെ രൂപതയിൽ അവയുടെ കർമ്മപദ്ധതികൾ കൂടുതൽ കാര്യക്ഷമവും വിജയപ്രദവുമാകാൻ വികാരി ജനറാളച്ചന്റെ നേതൃത്വത്തിൽ സുശക്തമായ കമ്മിറ്റിയാണ് പ്രവർത്തിക്കുന്നത്. അവർ നൽകുന്ന നിർദേശമനുസരിച്ച് ഫൊറോന, ഇടവക, കുടുംബക്കൂട്ടായ്മ തലങ്ങളിൽ ആവശ്യമായ ക്രമീകരണങ്ങൾ എല്ലാ ബഹു. വികാരിയച്ചന്മാരും നടത്തുമല്ലോ. സമുദായത്തിന്റെ പുനരുദ്ധാരണത്തിനുള്ള കർമ്മപദ്ധതികൾ പ്രവൃത്തിപഥത്തിലെത്തിക്കാൻ നിങ്ങൾ ഏവരുടെയും നിർലോഭമായ സഹകരണം ഞാൻ അഭ്യർഥിക്കുന്നു.

നമ്മുടെ പിതാക്കന്മാരുടെ വിശ്വാസചൈതന്യം കാത്തുസൂക്ഷിക്കാനും, വരും തലമുറയ്ക്ക് ശക്തമായ സമുദായ ബോധം കൈമാറാനും ദൈവം നമ്മെ അനുഗ്രഹിക്കട്ടെ എന്ന് പ്രാർഥിക്കുന്നു.

പരിശുദ്ധ കന്യകാമറിയവും വി. തോമാശ്ലീഹായും കുടിയേറ്റ ജനതയുടെ മധ്യസ്ഥനായ വിശുദ്ധ യൗസേപ്പും രൂപതാ മധ്യസ്ഥയായ വിശുദ്ധ അൽഫോൻസയും 2026 ലെ സമുദായ ശക്തീകരണ പ്രവർത്തനങ്ങൾ ദൈവാനുഗ്രഹപ്രദമാകാൻ തിരുസന്നിധിയിൽ നമുക്കായി മാധ്യസ്ഥ്യം അപേക്ഷിക്കട്ടെ.

എല്ലാവർക്കും സമാഗതമാകുന്ന പുതുവർഷത്തിന്റെ ആശംസകൾ നേരുന്നു.

ഈശോയിൽ സ്നേഹപൂർവം,



**✠ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

*ഈ സർക്കുലർ ഡിസംബർ 28 ന് ഞായറാഴ്ച വി. കുർബാനമധ്യേ എല്ലാ ദൈവാലയങ്ങളിലും വായിക്കാൻ നൽകിയത്.*

# റൂബി ജൂബിലി - ഡിസംബർ കർമ്മപരിപാടികൾ

*സർക്കുലർ 28/2025*

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരി സഹോദരന്മാരേ,

താമരശ്ശേരി രൂപത സ്ഥാപിതമായതിന്റെ നാല്പതാം വാർഷികത്തോട് അനുബന്ധിച്ച് ഡിസംബർ മാസത്തിലെ കർമ്മപരിപാടികളിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. സമുദായ ബോധവത്കരണത്തെ ലക്ഷ്യമാക്കി കുടിയേറ്റ അനുസ്മരണ സെമിനാർ ഉൾപ്പെടെ നിരവധി പ്രവർത്തനങ്ങൾക്കാണ് നവംബർ മാസം സാക്ഷിയായത്. കുടുംബശാക്തീകരണത്തിനുള്ള ഡിസംബറിലെ ജൂബിലിയാചരണങ്ങൾക്ക് നേതൃത്വം നല്കുന്നത് രൂപത മാതൃവേദിയും കുടുംബ കൂട്ടായ്മയുടെ പ്രേഷിത വിഭാഗവുമാണ്.

'ഓരോ കുടുംബവും സഭയുടെ ചെറിയ പതിപ്പാണ്' എന്ന് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ പഠിപ്പിക്കുന്നു. സ്നേഹത്തിന്റെ ഭവനമായ കുടുംബം ആത്മീയതയുടെ പരിശീലനകളരിയും വിശ്വാസ രൂപീകരണത്തിന്റെ പിള്ളത്തൊട്ടിലുമാണ്. മാതൃകാ ക്രൈസ്തവ കുടുംബങ്ങളാണ് ക്രിസ്തുവിനേയും സഭയേയും പൊതു സമൂഹത്തിൽ പരിചയപ്പെടുത്തുന്നതും അവർക്ക് സുവിശേഷത്തെ സ്നേഹിക്കുന്നതിനു പ്രേരകശക്തിയായി മാറുന്നതും. ഒരു പ്രദേശത്തെ ക്രൈസ്തവ കുടുംബങ്ങൾ ചേർന്നുള്ള കൂട്ടായ്മകൾ വിശ്വാസവും സ്നേഹവും പങ്കുവയ്ക്കാനും ക്രിസ്തു പകർന്നുതന്ന പ്രേഷിത അവബോധത്തിൽ ജീവിക്കാനുമുള്ള അജപാലന സംവിധാനവും സഭാഘടകവുമാണ്. സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും വിശ്വാസത്തിന്റെയും പ്രാർഥനയുടെയും അടിത്തറയിൽ ആദിമക്രൈസ്തവ സഭയെപോലെ (അപ്പ 2, 4-6) കൂട്ടായ്മ അനുഭവത്തിലൂടെ ദൈവരാജ്യത്തിന് ഭൂമിയിൽ സാക്ഷ്യം വഹിക്കുവാൻ ഓരോ കുടുംബകൂട്ടായ്മയ്ക്കും സാധിക്കട്ടെ എന്ന് പ്രാർഥിക്കുന്നു.

ചലനാത്മകമായ കുടുംബത്തിന്റെ പ്രധാനപ്പെട്ട കണ്ണിയാണ് അമ്മമാർ. സംസ്കാര സമ്പന്നമായ സമൂഹ നിർമ്മിതിയിൽ അവരുടെ പങ്ക് വർണ്ണനാതീതമാണ്. സ്വാർഥതയുടെ സംസ്കാരം ഏറിവരുന്ന സമകാലീന ലോകത്ത് നിസ്വാർഥതയുടെ, ആർദ്രതയുടെ, അലിവിന്റെ സംസ്കാരം

രൂപീകരിക്കാൻ, സുരക്ഷിതമായ തലമുറയെ വാർത്തെടുക്കാൻ, മാതൃത്വം അനിവാര്യമാണ്. രൂപതയുടെ ആത്മീയ മുന്നേറ്റത്തിൽ വലിയ പങ്കു വഹിക്കുന്ന സീറോ മലബാർ മാതൃവേദി, സ്ത്രീകളുടെ കൂട്ടായ്മ സഭയുടെ നന്മയ്ക്കും വളർച്ചയ്ക്കും അത്യാവശ്യമാണെന്നുള്ള കാഴ്ചപ്പാടിൽ നമ്മുടെ രൂപതയിൽ വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്നു. പതിനായിര ത്തോളം സജീവാംഗങ്ങളുള്ള മാതൃവേദി കാരുണ്യ പ്രവൃത്തികൾ ഉൾപ്പെടെ നിരവധി ക്ഷേമപ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിരിക്കുന്നത്.

വിവാഹത്തിന്റെ നാല്പതാം വാർഷികം ആഘോഷിക്കുന്ന ദമ്പതികളെ ആദരിക്കൽ, രൂപതയിലെ മുഴുവൻ അമ്മമാരേയും സംഘടിപ്പിച്ചുകൊണ്ട് നമ്മുടെ പരമ്പരാഗത കലാരൂപമായ മാർഗംകളിയുടെ മെഗാ ഈവന്റ്, കരോൾ ഗാനമത്സരം, കുക്കറി ഷോ എന്നീ പരിപാടികളാണ് മാതൃവേദി യുടെ നേതൃത്വത്തിൽ റൂബി ജൂബിലിയുടെ ഭാഗമായി ഈ മാസം രൂപപ്പെടുത്തിയിരിക്കുന്നത്. കുടുംബകൂട്ടായ്മ ഭാരവാഹികൾക്കു വേണ്ടിയുള്ള കൺവെൻഷൻ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളുടെയും കുടുംബങ്ങളുടെയും സംഗമങ്ങൾ, പിറവിത്തിരുന്നാളിന് ഒരുക്കമായി വി. ഗ്രന്ഥവായനയെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ എന്നിവ കുടുംബക്കൂട്ടായ്മ അപ്പോസ്തോലേറ്റിന്റെ നേതൃത്വത്തിലും ഒരുക്കിയിരിക്കുന്നു.

വികാരിയച്ചന്മാരും കുടുംബകൂട്ടായ്മ ഭാരവാഹികളും മാതൃവേദി അംഗങ്ങളും നിങ്ങൾക്ക് ആവശ്യമായ നിർദേശങ്ങൾ നല്കുന്നതാണ്. നമ്മുടെ രൂപതയുടെ നാല്പതാം വാർഷികത്തിന്റെ കർമ്മപരിപാടികൾ ദൈവാനുഗ്രഹപ്രദമാകാൻ നിങ്ങൾ എല്ലാവരുടെയും നിർലോഭമായ സഹകരണം പ്രതീക്ഷിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു. പരിശുദ്ധ കന്യകാമറിയവും കുടിയേറ്റ ജനതയുടെ മധ്യസ്ഥനായ വി. യൗസേപ്പും രൂപത മധ്യസ്ഥയായ വി. അൽഫോൻസയും ഡിസംബർ മാസത്തിലെ ജൂബിലിയാചരണങ്ങൾ വിജയപ്രദവും കൃപാസമൃദ്ധവുമാകാൻ പ്രാർഥ നയിലൂടെ നമ്മെ സഹായിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവം,



**✠റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

---

*നവംബർ 30 ഞായറാഴ്ച വി. കുർബാനമധ്യേ എല്ലാ പള്ളികളിലും സ്ഥാപന ങ്ങളിലും വായിക്കാൻ നൽകിയത്.*

# കച്ചേരിക്കാര്യം



### 1. സ്റ്റാറ്റിസ്റ്റിക്കൽ ഫോം

നമ്മുടെ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും കൃത്യമായ വിവര ശേഖരണത്തിന്റെ ഭാഗമായി എല്ലാ വർഷവും അയ്ക്കുന്ന നിർദ്ദിഷ്ട ഫോം ഈ വർഷവും നൽകിയിട്ടുണ്ട്. ജനുവരി 15 ന് മുമ്പായി ഈ ഫോം പൂരിപ്പിച്ച് രൂപത കേന്ദ്രത്തിലേക്ക് അയച്ചു തരേണ്ടതാണ്.

### 2. നവവൈദികരുടെ സംഗമം

താമരശ്ശേരി രൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് ഈ വർഷം വൈദികപട്ടം സ്വീകരിച്ച എല്ലാവരുടെയും ഒരു സംഗമം ജനുവരി 5-ാം തീയതി തിങ്കളാഴ്ച വൈകിട്ട് 7 മണിക്ക് രൂപതാഭവനിൽ വെച്ച് നടത്തുന്നു. രൂപതയ്ക്കുവേണ്ടിയും മറ്റ് രൂപതകൾക്കുവേണ്ടിയും സന്യാസസമൂഹങ്ങൾക്കുവേണ്ടിയും തിരുപ്പട്ടം സ്വീകരിച്ച എല്ലാവരെയും ഈ സംഗമത്തിൽ പങ്കെടുപ്പിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

### 3. ജൂനിയർ ക്ലർജി സെമിനാർ

2026 ജനുവരി 19 മുതൽ 21 വരെ ജൂനിയർ ക്ലർജി സെമിനാർ ക്രമീകരിച്ചിരിക്കുന്നു. ലിസ്റ്റിലുള്ള എല്ലാ വൈദികരും നിർബന്ധമായും സെമിനാറിൽ പങ്കെടുക്കേണ്ടതാണ്.

1 Cheeramattathil Sebastian
2 Cherusseril Kurian
3 Chirathalackal Joseph
4 Kadukanmakkel Geo
5 Kalappurackal Joseph
6 Karintholil George
7 Kiliyanparambil Joseph
8 Kochukaipayil Kuriakose
9 Kochumuriyil Thomas
10 Kottackal Mathew
11 Koyipurath Jacob
12 Kumpuckal George
13 Kuroor Emmanuel
14 Mangalamadathil Mathew

15 Mattappillil Sebastian
16 Mundackal Chacko
17 Narivelil George
18 Neelamparambil Michael
19 Panackal Varghese
20 Panthaladickal Joseph
21 Panthaplackal Joseph
22 Poothermannil Peter
23 Poovathinkal Paul
24 Pulayanparambil Thomas
25 Puthanpurackal Joseph
26 Puthenveettil Kuriakose
27 Srambickal Abraham
28 Thekkekkaramattathil Mathew
29 Thittayil Jacob
30 Thoomullil Mathew
31 Veliyath Kurian
32 Vellackakudiyil George
33 Vellaramkalayil George
34 Vettukallel Joseph
35 Vilangupara Joseph

### 4. വൈദികസമ്മേളനം

താമരശ്ശേരി രൂപതയിലെ വൈദികരുടെ സമ്മേളനം ജനുവരി 21 ബുധനാഴ്ച പി.എം.ഒ.സി.യിൽ രാവിലെ 10.30 ന് ആരംഭിക്കും. രൂപതയിൽ അജപാലനശുശ്രൂഷ ചെയ്യുന്ന സമർപ്പിത വൈദികർ ഉൾപ്പെടെ എല്ലാവരും പങ്കെടുക്കണമെന്ന് അഭ്യർഥിക്കുന്നു.

### 5. സമുദായ ശക്തീകരണ വർഷം - രൂപതാതല ഉദ്ഘാടനം

സമുദായ ശക്തീകരണ വർഷത്തിന്റെ രൂപതാതല ഉദ്ഘാടനം ജനുവരി രണ്ടാം തീയതി കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് പള്ളി അങ്കണത്തിൽ അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ അധ്യക്ഷതയിൽ നടക്കുന്നതാണ്.

### 6. സ്മരണാഞ്ജലി

| | | |
|---|---|---|
| 06-01-1979 | - | റവ. ഫാ. ജോസഫ് പരിയാരം |
| 10-01-1994 | - | റവ. ഫാ. ഫൗസ്റ്റിൻ CMI |
| 18-01-1960 | - | റവ. ഫാ. കെറൂബിൻ CMI |
| 18-01-1989 | - | റവ. ഫാ. ബെർനാർഡിൻ CMI |
| **21-01-2016** | **-** | **റവ. ഫാ. ജോസഫ് മൈലാടൂർ** |
| 31-01-1986 | - | റവ. ഫാ. അബ്രാഹം പൊരുന്നോലിൽ |

**പ്രോട്ടോസിഞ്ചെല്ലൂസ്**


പാവനസ്മരണയ്ക്ക്
റവ. ഫാ. ജോസഫ് മൈലാടൂർ
നെടിയകാട്, കോതമംഗലം
21.01.2016

# ആദരാഞ്ജലികൾ

## സി. ആഞ്ഞൂസ് മരിയ SH



പാല മരങ്ങാട്ട്പള്ളി ഇടവകയിൽ കട്ടിക്കാന ദേവസ്യ - ഏലി ദമ്പതികളുടെ 11 മക്കളിൽ അഞ്ചാമത്തെ മകളായി 1934 ഫെബ്രുവരി 24 സി. ആഞ്ഞൂസ് മരിയ ഭൂജാതയായി. ആദ്യകാല കുടിയേറ്റകാലത്ത് മാതാപിതാക്കൾ മലബാറിലെ, താമരശ്ശേരി രൂപതയിൽ കല്ലാനോട് ഇടവകയിൽ കുടിയേറി പാർത്തു. സ്കൂൾ വിദ്യാഭ്യാസവും ടി ടി സി പഠനവും പൂർത്തിയാക്കി, തിരുഹൃദയസന്യാസിനി സമൂഹത്തിൽ അർഥിനിയായി ചേർന്ന് 1957 ഏപ്രിൽ 13 ന് ആദ്യവ്രതവാഗ്ദാനവും, 1960 മെയ് 12 ന് നിത്യവ്രതവാഗ്ദാനവും ചെയ്തു. കല്ലാനോട്, കട്ടിപ്പാറ, കൊളക്കാട്, വായാട്ടുപറമ്പ്, ഉദയഗിരി, കൂരാച്ചുണ്ട് എന്നീ സ്കൂളുകളിൽ ഒരു അധ്യാപിക എന്നതിലുപരി കുഞ്ഞുങ്ങളുടെ സർവോന്മുഖമായ വളർച്ചയ്ക്ക് സി. ആഞ്ഞൂസ് പ്രധാന പങ്കുവഹിച്ചു. സുകൃതജപങ്ങൾ ചൊല്ലുന്നതിനും കൊച്ചു കൊച്ചു ആശയടക്കങ്ങളും പുണ്യപ്രവർത്തികളും ചെയ്യുന്നതിലും അമ്മ കുഞ്ഞുങ്ങളെ പ്രോത്സാഹിപ്പിച്ചിരുന്നു. സന്യാസ-വൈദിക ദൈവവിളികൾക്ക് പ്രോത്സാഹനവും പ്രചോദനവുമായി നിലകൊണ്ടു. ഭവന സന്ദർശനം, പ്രാർഥനാകൂട്ടായ്മകൾ, വിവിധ ഭക്തസംഘടനകൾ, ഭക്തമാസികവിതരണം എന്നിവയിലെല്ലാം നിറസാന്നിധ്യമായിരുന്നു. സന്യാസരൂപവൽക്കരണത്തിലും അമ്മ തന്റെ വ്യക്തിമുദ്ര പതിപ്പിച്ചു. 94 വർഷത്തെ ഇഹലോകവാസത്തിൽ 68 വർഷത്തെ സന്യാസജീവിതത്തിന് ശേഷം സംതൃപ്തിയോടെ തിരുഹൃദയനാഥനിൽ നിന്നും നിത്യസമ്മാനം സ്വീകരിക്കുന്നതിനായി 2025 നവംബർ 27 ന് ആഞ്ഞൂസ് മരിയാമ്മ യാത്രയായി. ആഞ്ഞൂസ് മരിയാമ്മയുടെ പാവനസ്മരണയ്ക്ക് മുമ്പിൽ സ്നേഹപ്രണാമം.

# സീറോ മലബാർ സമുദായ ശക്തീകരണ വർഷം 2026

## രൂപതാതല ഉദ്ഘാടനവും സാംസ്കാരിക സംഗമവും

സമുദായ ശക്തീകരണവർഷത്തിന്റെ താമരശ്ശേരി രൂപതാതല ഉദ്ഘാടനം ജനുവരി രണ്ടാം തീയതി കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് പള്ളി അങ്കണത്തിൽ നടക്കുന്നു. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് ശ്രീ. രാജീവ് കൊച്ചുപറമ്പിൽ ഉദ്ഘാടനകർമ്മം നിർവഹിക്കും. താമരശ്ശേരി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ചടങ്ങിൽ അധ്യക്ഷത വഹിക്കും.

നമ്മുടെ സാംസ്കാരിക പൈതൃകം വിളിച്ചോതുന്നതിനായി അന്ന് സ്റ്റേജിൽ മാർഗ്ഗംകളി, പരിചമുട്ടുകളി, ചവിട്ടുനാടകം തുടങ്ങിയ ക്രൈസ്തവ കലാരൂപങ്ങൾ അരങ്ങേറും. തുടർന്ന്, പ്രശസ്ത ചരിത്ര പണ്ഡിതൻ ശ്രീ. കുരിയാസ് കുമ്പളക്കുഴി 'ക്രൈസ്തവ പാരമ്പര്യ കലാരൂപങ്ങൾ പകർന്നു നൽകുന്ന മാർത്തോമാ നസ്രാണികളുടെ സമുദായ ചരിത്രബോധം' എന്ന വിഷയത്തിൽ പ്രബന്ധം അവതരിപ്പിക്കും.

## പഠനശിബിരം

ജനുവരി 21 ബുധനാഴ്ച പി.എം.ഒ.സി.യിൽ നടക്കുന്ന താമരശ്ശേരി രൂപതയിലെ വൈദികരുടെ സമ്മേളനത്തിൽ സമുദായ ശക്തീകരണ വർഷത്തോടൊനുബന്ധിച്ചുള്ള പഠനമാണ് പ്രമേയമായി സ്വീകരിച്ചിരിക്കുന്നത്.

**പ്രോട്ടോസിഞ്ചെല്ലൂസ്**

# റൂബി ജൂബിലി
# ജനുവരി-കർമ്മപദ്ധതികൾ

## സാംസ്കാരിക സംഗമം

ജനുവരി രണ്ടാം തീയതി കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് പള്ളി അങ്കണത്തിൽ നടക്കുന്ന സമുദായ ശക്തീകരണ വർഷത്തിന്റെ രൂപതാതല ഉദ്ഘാടന സമ്മേളനത്തിൽ സാംസ്കാരിക പൈതൃകം വിളിച്ചോതുന്ന മാർഗംകളി, പരിചമുട്ടുകളി, ചവിട്ടുനാടകം തുടങ്ങിയ ക്രൈസ്തവ കലാരൂപങ്ങൾ അവതരിപ്പിക്കുന്നു.

## മതാന്തര സംവാദം

ജനുവരി 16 ന് കോഴിക്കോട് ടൗൺ ഹാളിൽ മതസൗഹാർദ്ദവും സമുദായങ്ങൾ തമ്മിലുള്ള ഐക്യവും ഉറപ്പാക്കുന്നതിനായി പ്രമുഖർ പങ്കെടുക്കുന്ന മതാന്തര സംവാദം ക്രമീകരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ പിന്നീട് നൽകുന്നതാണ്.

## മുന്നാക്ക ക്ഷേമ കമ്മീഷൻ സിറ്റിംഗ്

താമരശ്ശേരി പോപ്പ് ജോൺ പോൾ സെക്കൻഡ് ഓഡിറ്റോറിയത്തിൽ ജനുവരി 24 ന് സംവരണേതര വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായുള്ള (EWS) കമ്മീഷൻ സിറ്റിംഗ് നടക്കും. സമുദായ അംഗങ്ങളുടെ പരാതികൾ കേൾക്കാനും പരിഹാരങ്ങൾ നിർദേശിക്കാനും ഈ സിറ്റിംഗ് സഹായകമാകും.

## ഹെൽപ്പ് ഡെസ്ക് അംഗങ്ങൾക്കുള്ള പരിശീലനം

വിവിധ സർക്കാർ പദ്ധതികളും ആനുകൂല്യങ്ങളും സാധാരണക്കാരിലേക്ക് എത്തിക്കുന്നതിനായി ഇടവകകളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക് അംഗങ്ങൾക്കുള്ള പരിശീലന പരിപാടി താമരശ്ശേരി, പോപ്പ് ജോൺ പോൾ സെക്കൻഡ് ഓഡിറ്റോറിയത്തിൽ ജനുവരി 31 ന് നടത്തപ്പെടും.

**ഫാ. ജോൺ ഒറവുങ്കര**
ജനറൽ കൺവീനർ, റൂബി ജൂബിലി

# വിശ്വാസപരിശീലനം

## Sunday School Visit

ഡിസംബർ 7,10 ഞായറാഴ്ചകളിൽ കുന്ദമംഗലം, പൂതംപാറ ഇടവ കകളിൽ രൂപത മതബോധന ഡയറക്ടർ ഫാ. ജോൺ പള്ളിക്കാവയ ലിൽ സന്ദർശനം നടത്തുകയും. വി. ബലിയർപ്പിച്ച് പ്രാർഥിക്കുകയും, കുട്ടികൾക്ക് സന്ദേശം നല്കുകയും മതബോധന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

## പവർ സെൽ

ഡിസംബർ 6 ന് ഊരകം ഇടവകയിൽ വച്ച് ഈ വർഷത്തെ അവസാ നത്തെ Power Cell നടന്നു. കൊണ്ടോട്ടി, കോട്ടക്കൽ, മലപ്പുറം, ഊരകം, തിരൂർ എന്നീ ഇടവകകളിൽ നിന്നും 60 മതാധ്യാപകർ പ്രോഗ്രാമിൽ പങ്കെടുത്തു.

## DOMUS CAT കുടുംബവിശ്വാസപരിശീലനം

വിശ്വാസപരിശീലനത്തിന്റെ ഭാഗമായി കുടുംബങ്ങളിൽ സന്ധ്യാ പ്രാർഥനയോടൊപ്പം പ്രാർഥിക്കാനും ധ്യാനിക്കാനും പരിശീലിക്കാ നുമുള്ള പ്രോഗ്രാം. ജൂലൈ മാസത്തിൽ നൽകിയത്:

പാഠം 26 – ക്രിസ്തീയ മൂല്യങ്ങൾ കുടുംബത്തിൽ നിന്ന് അഭ്യസിക്കുക.
പാഠം 27– മക്കളെ നൊമ്പരങ്ങൾ അറിയിച്ചു വളർത്തുക.
പാഠം 28– മാതാപിതാക്കൾ പ്രഥമാധ്യാപകൻ പ്രധാനാധ്യാപകർ
പാഠം 29– പ്രാർഥനാ ജീവിതവും വിശുദ്ധിയും

## പ്രൊമോഷൻ റിപ്പോർട്ടുകൾ സമർപ്പിച്ചു

സൺഡേ സ്കൂളുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനു വേണ്ടി പ്രൊമോട്ടേഴ്സ് രൂപതയിലെ സൺഡേ സ്കൂളുകൾ സന്ദർശി ക്കുകയും, ഓരോ സൺഡേ സ്കൂളിന്റെയും പ്രവർത്തനങ്ങൾ കൃത്യ മായി വിലയിരുത്തി രൂപതയിൽ റിപ്പോർട്ടുകൾ നൽകുകയും ചെയ്തു.

## ACC 13,14,15 Online Class

**ACC 13 :** 'വിവാഹേതര ബന്ധവും സഭയുടെ കാഴ്ചപ്പാടും' എന്ന വിഷയത്തെകുറിച്ച് ഫാ. ചെറിയാൻ പൊങ്ങൻപാറ, 'ഇതര മതങ്ങൾ സഭയുടെ കാഴ്ചപ്പാടിൽ' എന്ന വിഷയത്തെകുറിച്ച് ഫാ. ഡോ. ജേക്കബ് അരീത്തറ എന്നിവർ ക്ലാസ്സെടുത്തു.

**ACC 14 :** 'ലൈംഗിക ധാർമ്മികത ഭാഗം-2' എന്ന വിഷയത്തെ കുറിച്ച് സണ്ണി കോക്കാപ്പിള്ളി, 'മറിയത്തോടുള്ള അപേക്ഷകൾ' എന്ന വിഷയത്തെകുറിച്ച് സി. ഡോ. റോസ്മിൻ മരിയ CMC എന്നിവർ ക്ലാസ്സെടുത്തു.

**ACC 15 :** 'പരിശുദ്ധ മറിയത്തിന്റെ അമലോത്ഭവം', മറിയത്തിന്റെ സംജ്ഞകൾ' എന്ന വിഷയങ്ങളെകുറിച്ച് ജോൺസൺ പൂവത്തിങ്കൽ ക്ലാസ്സെടുത്തു.

## Media Catechesis

ACC 13,14,15 ന്റെ Online ക്ലാസ്സുകൾ, Power Cell, Catecheist എന്നി വയുടെ വീഡിയോകൾ, കാറ്റക്കിസം ചാനലിൽ സംപ്രേക്ഷണം ചെയ്തു.

## രൂപതാ മതബോധന കമ്മറ്റി

ഡിസംബർ 22 ശനിയാഴ്ച രൂപത കേന്ദ്രത്തിൽ വച്ച് രൂപത മത ബോധന കമ്മറ്റി നടന്നു. അഭിവന്ദ്യ പിതാവ് മീറ്റിങ്ങിന് അധ്യക്ഷത വഹിക്കുകയും, സന്ദേശം നൽകുകയും ചെയ്തു. 11 മേഖലകളിൽ നിന്ന് ഫൊറോനാ വികാരിമാരടക്കം 44 മേഖലാ ഭാരവാഹികൾ പങ്കെടുത്തു.

## ACC Course

ACC കോഴ്സുകളുടെ ഓൺലൈൻ എക്സാം 2026 ഏപ്രിൽ 10, 11,12 തീയതികളിൽ 8.45 PM - 9 PM വരെ നടക്കുന്നതായിരിക്കും. ചോദ്യാവലി പിന്നാലെ നൽകുന്നതാണ്.

പരീക്ഷയ്ക്ക് മുമ്പ് ACC 13,14 പരീക്ഷ എഴുതുന്ന എല്ലാ കുട്ടികളും Fides vol -1 & vol 2 പാഠപുസ്തകം വാങ്ങേണ്ടതാണ്.

കോഴ്സിന്റെ രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കി പകരം എല്ലാ കുട്ടികളും പാഠപുസ്തകം വാങ്ങിക്കണം എന്നത് രൂപത മതബോധന കമ്മിറ്റി യുടെ നിർദേശമാണ്. ACC 15 ന്റെ പാഠപുസ്തകം തയ്യാറായിട്ടില്ല.

## Christian Chair-ന്റെ നിർദേശപ്രകാരം HCC പരീക്ഷയുടെ പരിഷ്കരിച്ച പരീക്ഷാ സെന്ററുകൾ

| SL. NO. | EXAM | CENTRE / PARISHES |
|---|---|---|
| **Karuvarakundu Mekhala** | | |
| 1. | Karuvarakundu | Pathirikode, Kalkundu, Karuvarakundu |
| 2. | Kalikavu | Vaniyambalam, Adackakundu, Kalikavu |
| **Kodanchery Mekhala** | | |
| 3. | Kodanchery | Erude, Theyyappara, Kodanchery |
| 4. | Kuppayakode | Kuppayakode |
| 5. | Kannoth | Kannoth |
| 6. | Manjuvayal | Valiyakolly, Manjuvayal |
| 7. | Chembukadavu | Koorottupara, Manjumala, Chembukadavu |
| **Koorachundu Mekhala** | | |
| 8. | Kariyathumpara | Kakkayam, Kariyathumpara |
| 9. | Kallanode | Kallanode |
| 10. | Koorachundu | Koorachundu |
| 11. | Kulathuvayal | Narinada, Kulathuvayal |
| 12. | Chakkittapara | Chakkittapara |
| 13. | Kattullamala | Pathippara,Karikandanpara, Kattulamala |
| 14. | Peruvannamuzhi | Muthukad, Peruvannamuzhi |
| 15. | Perambra | Perambra |
| **Malappuram Mekhala** | | |
| 16. | Manjeri | Koomamkulam, Payyanad, Manjeri |
| 17. | Malappuram | Oorakam, Kottackal, Kondotty |
| 18. | Tirur | Tirur |
| 19. | Pandallur | Pandallur |

| | | |
|---|---|---|
| | **Marudomkara Mekhala** | |
| 20. | Marudomkara | Kunduthode, Marudomkara |
| 21. | Chempanoda | Poozhithode, Chempanoda |
| 22. | Padathukadavu | Padathukadavu |
| 23. | Pasukadave | Pasukadave |
| 24. | Chathangottunada | Poothampara, Karingad, Chathangottunada |
| 25. | Chappanthottam | PT Chacko Nagar, Poilomchal, Chappanthottam |
| **Paroppady Mekhala** | | |
| 26. | Paroppady | Paroppady |
| 27. | Kunnamangalam | Kattangal, Kunnamangalam |
| 28. | Devagiri | Mavoor, Devagiri |
| 29. | Thenjippalam Thenjippalam | Kadalundy, Parappanangady, |
| 30. | Ashokapuram | Amalapuri, Ashokapuram |
| 31. | Chevayur | Chevayur |
| 32. | East Hill | East Hill |
| 33. | Mankave | Kundayithode, Mankave |
| 34. | START | START |
| **Perinthalmanna Mekhala** | | |
| 35. | Mariyapuram | Cheerattamala, Mariyapuram |
| 36. | Malaparamba | Kuttipuram, Paloorkotta, Malaparamba |
| 37. | Perinthalmanna Oravumpuram, Perinthalmanna | Thazhekode, Nenmeni, Valamboor, Mankada, Vettathur, Ponniyamkurissy, |
| **Thamarassery Mekhala** | | |
| 38. | Thamarassey | Balussery, Koomully, Thamarassery |
| 39. | Kattippara | Chamal, Thalayad, Vayalada, Kattippara |

| | | |
|---|---|---|
| 40. | Koodathai | Koodathai |
| 41. | Mailellampara | Valliyad, Kakkavayal, Mailellampara |
| 42. | Puthuppady | Nooramthode, Chippilithode, |
| | | Engapuzha, Puthuppady |
| 43. | St.Alphonsa School | St.Alphonsa School |
| 44. | St.Alphonsa Seminary | St.Alphonsa Seminary |
| **Thiruvambady Mekhala** | | |
| 45. | Anackampoil | Muthappanpuzha, Karimbu, Anackampoil |
| 46. | Kallurutty | Kallurutty |
| 47. | Koodaranji | Koodaranji |
| 48. | Kuliramutty | Poovaranthode, Manjakadavu, Kuliramutty |
| 49. | Mukkom | Thekkumkutty, Mukkom |
| 50. | Pullurampara | Pullurampara |
| 51. | Thiruvambady | Thiruvambady |
| 52. | Venappara | Venappara |
| 53. | Vilakkamthode | Vilakkamthode |
| **Thottumukkom Mekhala** | | |
| 54. | Thottumukkom | Thottumukkom |
| 55. | Kakkadampoil | Vendekumpoil, Peedikappara, Konoorkandy, Kakkadampoil |
| 56. | Panamplave | Chundathunpoil, Panamplave |
| 57. | Vettilappara | Vettilappara |
| 58. | Valillapuzha | Valillapuzha |
| 59. | Pushpagiri | Maramchatty, Pushpagiri |
| **Vilangad Mekhala** | | |
| 60. | Vilangad | Manjakunnu, Vadakara, Valook, |
| | | Paloor, Vilangad |

## ജനുവരി 2026

| | |
|---|---|
| 01. 01. 26 വ്യാഴം | വർഷാരംഭം |
| 03. 01. 26 ശനി | വി. ചാവറ കുര്യാക്കോസ് ഏലിയാസ് |
| 04. 01. 26 ഞായർ | പിറവിക്കാലം 2-ാം ഞായർ |
| 06. 01. 26 ചൊവ്വ | ദനഹ തിരുനാൾ |
| 11. 01. 26 ഞായർ | ദനഹാക്കാലം 1-ാം ഞായർ<br>ACC 13, 14, 15 Online Class - 15 |
| 17. 01. 26 ശനി | പ്രധാനാധ്യാപക സംഗമം (ബിഷപ്സ് ഹൗസ് ഓഡിറ്റോറിയം താമരശ്ശേരി)<br>HCC വാർഷിക പരീക്ഷയുടെ ചോദ്യപേപ്പറുകൾ മേഖലാകമ്മറ്റിക്കു നൽകുന്നു |
| 18. 01. 26 ഞായർ | ദനഹാക്കാലം 2-ാം ഞായർ |
| 20. 01. 26 ചൊവ്വ | വി. സെബസ്ത്യാനോസ് |
| 25. 01. 26 ഞായർ | ദനഹാക്കാലം 3-ാം ഞായർ<br>ACC 13, 14, 15 Online Class - 16 |
| 26. 01. 26 തിങ്കൾ | HCC വാർഷിക പരീക്ഷ<br>(സെന്ററുകളിൽ 2 PM - 4 PM) |
| 27. 01. 26 ചൊവ്വ | HCC വാർഷിക പരീക്ഷയുടെ ഉത്തരക്കടലാസുകൾ ഇടവകകളിൽ നിന്ന് മേഖലാ കമ്മറ്റിക്കു നൽകുന്നു. |

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# ചെറുപുഷ്പ മിഷൻലീഗ് തിരുബാലസഖ്യം

## ആശംസകൾ

ചെറുപുഷ്പ മിഷൻലീഗ് കേരള സംസ്ഥാന ഡയറക്ടറും കെസിബിസി വൊക്കേഷൻ കമ്മീഷൻ സെക്രട്ടറിയുമായി കെസിബിസി നിയമിച്ച മിഷൻലീഗ് കൊച്ചി രൂപത ഡയറക്ടർ ഷിനോജ് പുന്നക്കൽ അച്ചന് ആശംസകൾ നേരുന്നു.

## നന്ദി

കഴിഞ്ഞ 5 വർഷക്കാലം ചെറുപുഷ്പ മിഷൻലീഗ് സംഘടനയെ നയിച്ച മാനന്തവാടി രൂപതാംഗം ബഹു. ഷിജു ഐക്കരക്കാനായിൽ അച്ചന് ഹൃദയപൂർവം നന്ദിയും പുതിയ പ്രവർത്തനമേഖലയിൽ എല്ലാ പ്രാർഥനാശംസകളും നേരുന്നു.

## വീട്ടിൽ സ്റ്റാർ തൂക്കി നാട്ടിൽ സ്റ്റാർ ആകാം

ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങൾ നവംബർ 30ന് തങ്ങളുടെ വീടുകളിൽ ക്രിസ്തുവിന്റെ ജനനത്തിന്റെ സന്ദേശം നൽകുന്ന നക്ഷത്രം തൂക്കുകയും സ്റ്റാറ്റസ് ആക്കുകയും ചെയ്തു.

## ഗ്ലോറിയ 2K25: ക്രിസ്തുമസ് തിരുവചന പ്രാർഥനകൾ

ഉണ്ണീശോയുടെ തിരുപ്പിറവിക്കായി ഒരുങ്ങുന്ന 25 ദിവസവും താമരശ്ശേരി രൂപതയിലെ മിഷൻലീഗ്, തിരുബാലസംഖ്യം കുഞ്ഞുങ്ങൾ ഗ്ലോറിയ 2K25 ക്രിസ്തുമസ് തിരുവചന പ്രാർഥനകൾ പങ്കുവെച്ചു. ഡിസംബർ 1 മുതൽ 25 വരെ ഓരോ ശാഖയുടെയും നേതൃത്വത്തിൽ തിരുവചന ക്രിസ്തുമസ് പ്രാർഥനകൾ സ്റ്റാറ്റസ് വീഡിയോ ആയി ഗ്രൂപ്പുകളിൽ ഷെയർ ചെയ്തു.

## ബൈബിൾ ഞായർ ആചരണം

2025 ഡിസംബർ 21 ഞായറാഴ്ച വിവിധ പരിപാടികളോടെ ബൈബിൾ ഞായർ ആചരിച്ചു. ഓരോ ശാഖയിലും ബൈബിൾ

പ്രതിഷ്ഠ, ബൈബിൾ റാലി, ബൈബിൾ സ്കിറ്റ്, ബൈബിൾ ഡാൻസ്, ബൈബിൾ വായന മത്സരം, ബൈബിൾ ക്വിസ്, 2026 വർഷത്തിൽ ബൈബിൾ മുഴുവൻ വായിച്ചു തീർക്കും എന്ന ചലഞ്ച്, ബൈബിൾ ഗാർഡൻ തുടങ്ങിയ വ്യത്യസ്തമായ പരിപാടികൾ സംഘടിപ്പിച്ച് ബൈബിൾ ഞായർ ആഘോഷമായി നടത്തി.

**വിവിധ മത്സരങ്ങൾക്ക് സമ്മാനാർഹരായവർ**

*Heavenly Souls-Poster Making*

നവംബർ മാസത്തിൽ നടത്തിയ സ്വർഗത്തെക്കുറിച്ച് ആഴമായ ചിന്ത പങ്കുവയ്ക്കുന്ന പോസ്റ്റർ നിർമ്മാണ മത്സരത്തിൽ വിജയികളായവർ

I[st] - അനിയ സെബാസ്റ്റ്യൻ ഇടക്കാട്ടിൽ വലിയകൊല്ലി
II[nd] - ആൻലിയ തെരേസ് സജി മെഴുകനാൽ കണ്ണോത്ത്
III[rd] - പ്രയ്സ് ഷെൽബി കാഞ്ഞിരത്തിങ്കൽ കൊണ്ടോട്ടി

*ജപമാല നിർമ്മാണ മത്സരം*

I[st] – വലിയകൊല്ലി ശാഖ, കൂരാച്ചുണ്ട് ശാഖ
II[nd] - കല്ലാനോട് ശാഖ, ഈങ്ങാപ്പുഴ ശാഖ
III[rd] - മലാപറമ്പ് ശാഖ, താമരശ്ശേരി ശാഖ

*ക്രിസ്തുമസ് കാർഡ് നിർമ്മാണ മത്സരം*

ക്രിസ്തുമസ് ആഘോഷത്തിന്റെ ഭാഗമായി ക്രിസ്തുമസ് കാർഡ് നിർമ്മാണ മത്സരം സംഘടിപ്പിച്ചു. ഓരോ ശാഖയിൽ നിന്നും വളരെ ക്രിയേറ്റീവായി ക്രിസ്തുമസ് കാർഡ് നിർമ്മിച്ച് രൂപത കേന്ദ്രത്തിൽ എത്തിച്ചു.

**പ്രേഷിത കൂടാരം - ഡിസംബർ**

വിവിധ ശാഖകളിൽ പ്രേഷിത കൂടാരം പരിപാടി നടത്തുകയും ശാഖ സന്ദർശനം നടത്തുകയും ചെയ്തു.

**തിരുകുടുംബത്തോടൊപ്പം ഒരു സെൽഫി**

വീട്ടിൽ പുൽക്കൂട് ഉണ്ടാക്കി, അതിന്റെ മുമ്പിൽ നിന്ന് വീട്ടുകാരോടൊപ്പം സെൽഫി എടുത്ത് അയക്കുക എന്ന മത്സരത്തിൽ ഒത്തിരിയേറെ കുട്ടികൾ പങ്കെടുത്തു.

**ഫാ. ജോർജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്, തിരുബാലസഖ്യം

# സെമിനാരി വാർത്തകൾ

### 25 നോമ്പ് ആരംഭം

ഉണ്ണീശോയുടെ പിറവി തിരുനാളിനോട് അനുബന്ധിച്ചുള്ള ഒരുക്കം നവംബർ 30 ന് സെമിനാരി അങ്കണത്തിൽ നക്ഷത്ര വിളക്ക് പ്രകാശിപ്പിച്ചുകൊണ്ട് ആരംഭിച്ചു.

### ക്രിസ്തുമസ് ആഘോഷം

ഡിസംബർ 19 ന് മൈനർ സെമിനാരിയിൽ ക്രിസ്തുമസ് ആഘോഷങ്ങൾ സംഘടിപ്പിച്ചു. വൈകുന്നേരം 7 മണിക്ക് ക്രിസ്തുമസ് കരോൾ ആരംഭിക്കുകയും അഭിവന്ദ്യ പിതാവ് മൈനർ സെമിനാരി വിദ്യാർഥികൾ നിർമ്മിച്ച പുൽക്കൂട് ഉദ്ഘാടനം നടത്തുകയും ചെയ്തു. അഭിവന്ദ്യ പിതാവിന്റെ സാന്നിധ്യത്തിൽ നടന്ന ക്രിസ്തുമസ് സംഗമത്തിൽ ഹോം ഡേ മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ബിഷപ്പ്സ് ഹൗസിലെയും ചാവറ ഭവനിലെയും സെമിനാരിയിലെയും അംഗങ്ങൾ കരോൾ ഗാനങ്ങൾ ആലപിച്ചത് ക്രിസ്തുമസ് ആഘോഷങ്ങൾ മനോഹരമാക്കി.

### ക്രിസ്തുമസ് അവധി

ഡിസംബർ ഇരുപതാം തീയതി മൈനർ സെമിനാരിയിലെ വിദ്യാർഥികൾ ക്രിസ്തുമസ് അവധിക്കായി വീടുകളിലേക്ക് മടങ്ങി. ജനുവരി 4 ന് സെമിനാരിയുടെ അക്കാദമിക് പ്രവർത്തനങ്ങൾ പുനരാരംഭിക്കും.

### മേജർ സെമിനാരി ബ്രദേഴ്സിന്റെ സംഗമം

ഡിസംബർ 22 ന് വൈകുന്നേരം നാലുമണിക്ക് വിവിധ മേജർ സെമിനാരികളിൽ പരിശീലനം നേടുന്ന വൈദിക വിദ്യാർഥികൾ ക്രിസ്തുമസിനോട് അനുബന്ധിച്ച് തങ്ങളുടെ മാതൃഭവനമായ സെമിനാരിയിൽ എത്തിച്ചേർന്ന് അഭിവന്ദ്യ പിതാവിനോടൊപ്പം ഒരു

ദിവസം ചിലവഴിച്ചു. വൈകുന്നേരം അഞ്ചുമണിക്ക് താമരശ്ശേരി രൂപത സ്പോർട്സ് അക്കാദമി സംഘടിപ്പിച്ച സൗഹൃദ ബാസ്ക്കറ്റ് ബോൾ മത്സരത്തോടുകൂടിയാണ് ഗ്യാതറിംഗ് ആരംഭിച്ചത്. ഈ വർഷം താമരശ്ശേരി രൂപതയ്ക്കായി വൈദിക പട്ടം സ്വീകരിക്കുന്ന ഡീക്കന്മാർക്ക് വേണ്ടി സായാഹ്നത്തിൽ ആരാധന നടത്തി പ്രാർഥിച്ചു. 23 ന് രാവിലെ അഭിവന്ദ്യ പിതാവിന്റെ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിക്ക് ശേഷം ക്രിസ്തുമസ് സംഗമത്തോട് കൂടിയുമാണ് മേജർ സെമിനാരി വിദ്യാർഥികളുടെ ക്രിസ്തുമസ് കൂട്ടായ്മ അവസാനിച്ചത്. അന്നേദിവസം ജന്മദിനം ആഘോഷിച്ച മൈനർ സെമിനാരി റെക്ടർ കുര്യൻ താന്നിക്കലച്ചന് ജന്മദിനത്തിന്റെ മംഗളങ്ങൾ നേരുകയും ചെയ്തു.

**ഫാ. കുര്യൻ താന്നിക്കൽ**
റെക്ടർ, സെന്റ് അൽഫോൻസ മൈനർ സെമിനാരി

## മദ്ബഹ ശുശ്രൂഷ സംഘം (സ്മാർട്ട്)

**ഒപ്പം:** എല്ലാ ഞായറാഴ്ചകളിലും വിവിധ ഇടവകകളിൽ സന്ദർശനം നടത്തി സ്മാർട്ട് അംഗങ്ങളെ പരിചയപ്പെടുന്നു. ഡിസംബർ മാസത്തിൽ കക്കയം, പാത്തിപ്പാറ എന്നിവിടങ്ങളിലെ സന്ദർശനം കാര്യക്ഷമവും ദൈവാനുഗ്രഹപ്രദവുമായി.

**ഒരുക്കം:** അൾത്താര ശുശ്രൂഷികൾക്ക് പ്രത്യേക പരിശീലനം നൽകാൻ ആഗ്രഹിക്കുന്നെങ്കിൽ 9747036300 എന്ന നമ്പറിൽ ബന്ധപ്പെടുക.

**ഫാ. ജോർജ് കുമ്പുക്കൽ**
ഡയറക്ടർ, മദ്ബഹ ശുശ്രൂഷ സംഘം

# കെ.സി.വൈ.എം. – എസ്.എം.വൈ.എം.

## മേഖലാ വാർഷിക സെനറ്റ്

നവംബർ 30: കർമ്മനിരതമായ 2025 വർഷം പിന്നിടുമ്പോൾ, പ്രവർത്തനങ്ങളെ വിലയിരുത്തുവാനും, 2026 പ്രവർത്തന വർഷത്തിലേക്ക് ശക്തമായ പുതിയ നേതൃത്വത്തെ തിരഞ്ഞെടുക്കുവാനും, മേഖലാ വാർഷിക സെനറ്റ് വിലങ്ങാട് മേഖലയിൽ വാളുക്ക് സെന്റ് മേരീസ് പാരിഷ് ഹാളിലും, മരുതോങ്കര മേഖലയിൽ ചാപ്പൻത്തോട്ടം സെന്റ് ജോസഫ്സ് പാരിഷ് ഹാളിലും നടത്തപ്പെട്ടു.

ഡിസംബർ 07: മേഖലാ വാർഷിക സെനറ്റ് കൂരാച്ചുണ്ട് മേഖലയിൽ നരിനട പുഷ്പ എൽ.പി. സ്കൂളിലും, താമരശ്ശേരി മേഖലയിൽ MMPC താമരശ്ശേരിയിലും നടത്തപ്പെട്ടു.

ഡിസംബർ 13: മേഖലാ വാർഷിക സെനറ്റ് കരുവാരകുണ്ട് മേഖലയിൽ കാളികാവ് സെന്റ് സേവ്യേഴ്സ് പള്ളിയിൽ നടത്തപ്പെട്ടു.

ഡിസംബർ 14: മേഖലാ വാർഷിക സെനറ്റ് പെരിന്തൽമണ്ണ മേഖലയിൽ പുത്തനങ്ങാടി സി.എം.സി. ഹൗസിലും മലപ്പുറം മേഖലയിൽ പയ്യനാട് സെന്റ് മേരീസ് പള്ളിയിലും നടത്തപ്പെട്ടു.

## സ്നേഹപൂർവം കെ.സി.വൈ.എം.

ഡിസംബർ 13: ഉണ്ണീശോയെ വരവേൽക്കാൻ ഇഷ്ടഭക്ഷണം ത്യജിച്ച് നോമ്പ് ആചരിക്കുമ്പോൾ, അത് വിശക്കുന്നവന് അന്നമായിതീരാൻ സ്നേഹപൂർവം കെ.സി.വൈ.എം.-പൊതിച്ചോറ് വിതരണം മരുതോങ്കര മേഖലയുടെ നേതൃത്വത്തിൽ, കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നടത്തപ്പെട്ടു.

## ഹൃദ്യം - ക്രിസ്തുമസ് സ്പെഷ്യൽ

ഡിസംബർ 16: തിരുപ്പിറവിയുടെ മധുരം മാലാഖമാരോട് ചേർന്നാഘോഷിച്ച ദൈവപുത്രന്റെ ഓർമ്മയിൽ ഭൂമിയിൽ ആനന്ദം പേറുന്ന മാലാഖക്കുരുന്നുകളോടൊപ്പം ഈ ക്രിസ്തുമസ് കാലം ആഘോഷിക്കാൻ, താമരശ്ശേരി രൂപതയുടെ റൂബി ജൂബിലിയുടെ ഭാഗമായി സംഘടിപ്പിച്ച പ്രത്യേക പരിപാടി ഹൃദ്യം - ക്രിസ്തുമസ് സ്പെഷ്യൽ എഡിഷൻ രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളുടെ നേതൃത്വത്തിൽ, താമരശ്ശേരി അമർജ്യോതി സ്പെഷ്യൽ സ്കൂളിലെ കുട്ടികൾക്കൊപ്പം നടത്തി.

## ഹെയർ ഹാൻഡ്ഔട്ട് 6.0

ഡിസംബർ 20: താമരശ്ശേരി രൂപതാ യുവജനപ്രസ്ഥാനം 2019ൽ ആരംഭിച്ച് കഴിഞ്ഞ 6 വർഷമായി തുടർന്നുവരുന്ന, HAIR HANDOUT 6.0 മേരി മാത കത്തീഡ്രൽ പാരിഷ് ഹാളിൽ കെ.സി.വൈ.എം.-എസ്.എം.വൈ.എം. താമരശ്ശേരി രൂപതയും, താമരശ്ശേരി രൂപതാ മാതൃവേദിയും സംയുക്തമായി തൃശ്ശൂർ അമല ഹോസ്പിറ്റലുമായി സഹകരിച്ച് നടത്തപ്പെടുന്ന ഹെയർ ഹാൻഡ്ഔട്ട് പ്രോഗ്രാമിന്റെ രൂപതാതല ഉദ്ഘാടനം അഭിവന്ദ്യ റെമീജിയോസ് പിതാവ് നിർവഹിച്ചു.

**ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ**
ഡയറക്ടർ, കെസിവൈഎം-എസ്എംവൈഎം

# കുടുംബകൂട്ടായ്മ

## ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവരുടെ സംഗമം

താമരശ്ശേരി രൂപതയുടെ റൂബി ജൂബിലിയുടെ ഭാഗമായി രൂപതാ കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ ഇടയനോടൊപ്പം എന്ന പേരിൽ രൂപതയിലെ ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളുടെയും, കുടുംബാംഗങ്ങളുടെയും ക്രിസ്തുമസ് ആഘോഷം താമരശ്ശേരി രൂപതാധ്യക്ഷൻ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ സാന്നിധ്യത്തിൽ നടത്തി. പുതുപ്പാടി സെന്റ് ജോർജ് പാരിഷ് ഓഡിറ്റോറിയത്തിലാണ് ഭിന്നശേഷിക്കാരായ സഹോദരങ്ങൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും അഭിവന്ദ്യ പിതാവിനോടൊപ്പമുള്ള ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചത്. വിനോദങ്ങളിലും ക്രിസ്തുമസ് ഗാനങ്ങളിലും പങ്കെടുത്തു കൊണ്ട് ഉണ്ണീശോയുടെ തിരുജനനത്തിന്റെ സന്തോഷത്തിൽ അവർ പങ്കാളികളായി. അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്ത സംഗമത്തിൽ പുതുപ്പാടി ഇടവക വികാരി ഫാ. ജോർജ് കളത്തൂർ, കുടുംബകൂട്ടായ്മ ഡയറക്ടർ ഫാ. വർഗീസ് പനക്കൽ, മേഖല ഡയറക്ടർ ഫാ. മിൽട്ടൻ മുളങ്ങശ്ശേരി എന്നിവർ പ്രസംഗിച്ചു. കേക്ക് മുറിക്കലും വിഭവ സമൃദ്ധ മായ സദ്യയും എല്ലാവരും ആസ്വദിച്ചു. ഉച്ചഭക്ഷണത്തിനുശേഷം നടന്ന സംഗമത്തിൽ വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും പിതാവിന്റെ ക്രിസ്തുമസ് സമ്മാനങ്ങൾ സ്വീകരിച്ചുകൊണ്ട് എല്ലാവരും സന്തോഷപൂർവം മടങ്ങുകയും ചെയ്തു.

## വചന വയൽ

മുൻകൂട്ടി നൽകിയ 40 ബൈബിൾ വചനങ്ങൾ ഹൃദിസ്ഥമാക്കി എഴുത്തു മത്സരം ഇടവക, ഫൊറോന തലത്തിൽ നടന്നുകൊണ്ടിരി

ക്കുന്നു. രൂപതാ തല മത്സരം 2026 ജനുവരി 10 ന് രാവിലെ 10 മണിക്ക് താമരശ്ശേരി മാർ മങ്കുഴിക്കരി പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടും.

## Grace @ 40

റൂബി ജൂബിലിയോട് അനുബന്ധിച്ചു രൂപതയിലെ ഓരോ ഇടവകകളിലും പൗരോഹിത്യത്തിന്റെ, സന്യാസത്തിന്റെ, വിവാഹ വാർഷികത്തിന്റെ, ജന്മദിനത്തിന്റെ 40-ാം വർഷത്തിലേക്കു കടക്കുന്ന ഇടവകാംഗങ്ങളെ ആദരിക്കുന്ന പ്രോഗ്രാം ഇടവകളിൽ നടന്നു കൊണ്ടിരിക്കുന്നു.

## ഫൊറോന സംഗമങ്ങൾ

എല്ലാ ഫൊറോനകളിലും ഇടവകകളിലെ കുടുംബകൂട്ടായ്മ ഭാരവാഹികളുടെ സംഗമം സംഘടിപ്പിച്ചിരിക്കുന്നു. ഇതിനോടകം എട്ടു ഫൊറോനകളിൽ സംഗമങ്ങൾ പൂർത്തിയായി.

മലപ്പുറം ഫൊറോന സംഗമം 20 ന് സെന്റ് ജോസ്ഫ് ചർച്ച്, മഞ്ചേരിയിൽ നടന്നു. അഭിവന്ദ്യ റെമീജിയോസ് പിതാവ് മുഖ്യാതിഥിയായി പങ്കെടുത്ത സംഗമത്തിൽ ഫൊറോന പ്രസിഡന്റ് ശ്രീ. ആന്റണി അധ്യക്ഷത വഹിക്കുകയും ഫൊറോന വികാരി ഫാ. ആന്റണി ചെന്നിക്കര ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. മഞ്ചേരി വികാരി ഫാ. അഗസ്റ്റിൻ ആലുങ്കൽ സ്വാഗതം പറഞ്ഞു. ശ്രീ. ജേക്കബ് കൊച്ചേരി ക്ലാസ്സ് എടുത്തു. 75 പേർ പങ്കെടുത്തു.

തോട്ടുമുക്കം ഫൊറോന സംഗമം 19-11-25 ന് സെന്റ് തോമസ് ചർച്ച് തോട്ടുമുക്കത്ത് നടന്നു. ഫൊറോന വികാരി ഫാ. ബെന്നി കാരക്കാട്ടിന്റെ അധ്യക്ഷതയിൽ കൂടിയ സംഗമത്തിൽ അഭിവന്ദ്യ റെമീജിയോസ് പിതാവ് ഉദ്ഘാടനം നടത്തി. ശ്രീ ജേക്കബ് കൊച്ചേരി ക്ലാസ്സ് എടുത്തു.

വിലങ്ങാട് ഫൊറോന സംഗമം നവംബർ 18 ന് വിലങ്ങാട് സെന്റ് ജോർജ് പള്ളിയിൽ നടന്നു. ഫൊറോന വികാരി ഫാ. വിൽസൺ മുട്ടത്തുകുന്നേൽ അധ്യക്ഷത വഹിച്ച സംഗമത്തിൽ അഭിവന്ദ്യ

റെമീജിയോസ് പിതാവ് ഉദ്ഘാടനം നടത്തി. ശ്രീ. ജേക്കബ് കൊച്ചേരി ക്ലാസ്സ് എടുത്തു.

### ജനുവരി മാസത്തിലെ ഫൊറോന സംഗമങ്ങൾ

ജനുവരി 16: കരുവാരകുണ്ട് – 3 PM – 6 PM
ജനുവരി 19: മരുതോങ്കര – 3.30 PM – 6.30 PM

**ഫാ. വർഗീസ് പനയ്ക്കൽ**
ഡയറക്ടർ, കുടുംബകൂട്ടായ്മ

## ബൈബിൾ അപ്പസ്തോലേറ്റ്

ഡിസംബർ മാസം ബൈബിൾ പാരായണ മാസമായി ആചരിച്ചു. തിരുപ്പിറവിയെ അനുസ്മരിച്ച് മാംസം ധരിച്ച വചനത്തെ ആഴത്തിൽ വായിച്ചൊരുങ്ങാൻ അവസരമൊരുക്കുകയായിരുന്നു ഡിസംബറിലെ ബൈബിൾ പാരായണ മാസാചരണത്തിന്റെ പ്രധാന ലക്ഷ്യം. ഇതിന്റെ ഭാഗമായി തിരുവചന വായനയ്ക്ക് ഒരു വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിക്കുകയും ചെയ്തു. താമരശ്ശേരി രൂപതയിലെ വൈദികരും സന്യസ്തരും വിവിധ ഇടവകകളിൽ നിന്നുള്ള ദൈവജനവും ഉൾപ്പെടെ 236 പേർ ഈ ഉദ്യമത്തിൽ പങ്കുചേർന്നു.

**ഫാ. അബ്രാഹം സ്രാമ്പിക്കൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്തോലേറ്റ്

# മാതൃവേദി

## മെഗാ മാർഗംകളി

സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, കൂടരഞ്ഞിയിൽ ജനുവരി 2 ന് ഉച്ചകഴിഞ്ഞ് 2 മുതൽ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ സുറിയാനി ക്രൈസ്തവരുടെ കലാവിരുന്നായ മാർഗംകളി അവതരിപ്പിക്കുന്നു. സീറോ മലബാർ സഭയുടെ സമുദായ ശക്തീകരണവർഷത്തിന്റെ ഉദ്ഘാടനത്തോട് അനുബന്ധിച്ചാണ് മാർഗംകളി ആവിഷ്കരിക്കുന്നത്.

## രൂപത പ്രതിനിധികളുടെ സംഗമം

ജനുവരി 17 ന് രാവിലെ 10 മണിക്ക് താമരശ്ശേരി മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിൽ രൂപത പ്രതിനിധികളുടെ സംഗമം നടക്കുന്നു. സമ്മേളനത്തിന് വരുമ്പോൾ ഫൊറോന റിപ്പോർട്ടും മികച്ച 3 യൂണിറ്റുകളുടെ റിപ്പോർട്ടും നൽകേണ്ടതാണ്.

**ഫാ. വർഗീസ് പനയ്ക്കൽ**
ഡയറക്ടർ, മാതൃവേദി

# എയ്ഡർ എഡ്യൂക്കെയർ

## റൈസ് ടു ഐ എ എസ്-പ്രലിംസ് പരീക്ഷ

നവംബർ 22, ന് റെയ്സ് ടു ഐഎഎസ് പ്രേലിംസ് പരീക്ഷ രൂപതയിലെ 5 സെന്ററുകളിലായി നടന്നു. എയ്ഡർ എഡ്യൂക്കെയർ ടീം പരീക്ഷ നിയന്ത്രിച്ചു. രണ്ടു മാസമായി നടന്നു കൊണ്ടിരിക്കുന്ന ഫൗണ്ടേഷൻ കോഴ്സിന്റെ ഭാഗമായ 100 കുട്ടികൾ പരീക്ഷയിൽ പങ്കെടുത്തു. മഞ്ചേരി സെന്റ് ജോസഫ് പള്ളി പാരിഷ് ഹാൾ, കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് സ്കൂൾ, മുക്കം തിരുഹൃദയ പള്ളി പാരിഷ് ഹാൾ, താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരി, പേരാമ്പ്ര സെന്റ് ഫ്രാൻസിസ് സ്കൂൾ എന്നീ സെന്ററുകളിലാണ് പരീക്ഷകൾ നടന്നത്. രൂപതയിൽ നിന്നും പങ്കെടുത്ത കുട്ടികളിൽ 98% പേർ വിജയിച്ച് മെയിൻസ് പരീക്ഷയെഴുതാൻ അർഹത നേടി. 18 സംസ്ഥാനങ്ങളിൽ നിന്നായി പതിനേഴായിരത്തോളം വിദ്യാർഥികൾ പരീക്ഷയിൽ പങ്കെടുത്തു.

## പ്രലിംസ് റീ-എക്സാം

പ്രലിംസ് പരീക്ഷ എഴുതാൻ സാധിക്കാത്ത 20 കുട്ടികൾക്ക് വേണ്ടി ഡിസംബർ 26 ന് താമരശ്ശേരി മൈനർ സെമിനാരിയിൽ പ്രലിംസ് പരീക്ഷയുടെ റീ എക്സാം നടത്തി.

## എയ്ഡർ എഡ്യൂ കണക്ട് - സ്റ്റുഡന്റ് ഇവാലുവേഷൻ

പാരിഷ് വിസിറ്റിന് ശേഷം ബഹു. സിസ്റ്റേഴ്സ് കുട്ടികളെയും മാതാപിതാക്കളെയും ഫോൺ വഴി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ 150 കുട്ടികളുടെ ആപ്റ്റിറ്റ്യൂഡ് ഇവാലുവേഷൻ രൂപതാ ഓഫീസിൽ സംഘടിപ്പിച്ചു.

## കരിയർ കൗൺസിലിംഗ്

കരിയർ കൗൺസിലിംഗ് ആവശ്യമായ കുട്ടികളെ വ്യക്തിപരമായി സഹായിക്കുന്നതിന് പേഴ്സണൽ കൗൺസിലിംഗ്, ഫാമിലി കൗൺസിലിംഗ് തുടങ്ങിയ സജ്ജീകരണങ്ങൾ പുതുവർഷത്തിൽ ഒരുക്കിയിട്ടുണ്ട്.

## പാരിഷ് വിസിറ്റ്

രൂപതയിലെ 118 ഇടവകളിലെ ഒമ്പതാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള കുട്ടികളെ എയ്ഡർ ടീം മെമ്പേഴ്സ് വേദപാഠ ക്ലാസ്സുകളോട് അനുബന്ധിച്ച് കാണുകയും തുടർസഹായങ്ങൾ നൽകുകയും ചെയ്യുന്നു.

## ടീം മീറ്റിംഗ്, വൺ ഡേ ഔട്ടിങ്

ഡിസംബർ 14 ഞായറാഴ്ച രൂപതാ ഓഫീസിൽ ടീം മീറ്റിംഗ് ചേരുകയും ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാകുടിയിൽ അച്ചന്റെ ജന്മദിനം ആഘോഷിക്കുകയും ചെയ്തു. നവംബർ 12 ന് ടീമിന്റെ വൺ ഡേ ഔട്ടിംഗ് കൊയിലാണ്ടി അകലാപ്പുഴയിലേക്ക് നടത്തി.

## അറിയിപ്പുകൾ

### എൻ എൽ പി ട്രെയിനിങ്: മലപ്പുറം ജില്ല-പുത്തനങ്ങാടി

മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട്, മലപ്പുറം, പെരിന്തൽമണ്ണ ഫൊറോനകളെ കേന്ദ്രീകരിച്ച് പുത്തനങ്ങാടി സെന്റ് മേരിസ് കോളേജിൽ ജനുവരി 1 വ്യാഴാഴ്ച വൈകുന്നേരം മുതൽ 3 ശനിയാഴ്ച വൈകുന്നേരംവരെ മൂന്നു ദിവസങ്ങളിലായി എൻഎൽപി ട്രെയിനിങ് പ്രോഗ്രാം നടത്തുന്നു. പഠനത്തിന് വിവിധ തടസ്സങ്ങൾ നേരിടുന്ന കുട്ടികൾ, മോട്ടിവേഷൻ ആവശ്യമുള്ളവർ, പേഴ്സണൽ ഹീലിംഗ് ആവശ്യമുള്ളവർ എന്നിവരെ ഉദ്ദേശിച്ചാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. ഒൻപതാം ക്ലാസ്സ് മുതൽ പ്ലസ് ടു വരെ പഠിക്കുന്ന കുട്ടികൾക്ക് ഇതിൽ പങ്കെടുക്കാം. രജിസ്ട്രേഷൻ ഫീ 500 രൂപയാണ്. പത്താം ക്ലാസ്, പ്ലസ് ടു പരീക്ഷകൾക്ക് മുമ്പ് പ്രത്യേക

പരിഗണന ആവശ്യമുള്ള കുട്ടികളെ പങ്കെടുപ്പിക്കുമല്ലോ. കൂടുതൽ വിവരങ്ങൾക്ക്- 9645776746.

### പേർസണൽ കരിയർ കൗൺസിലിംഗ്

പത്താം ക്ലാസ്, പ്ലസ് ടു പഠനത്തിൽ ആയിരിക്കുന്ന കുട്ടികളിൽ കരിയറിനെ സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്ന കുട്ടികൾക്ക് ആപ്റ്റിട്യൂഡ് ടെസ്റ്റ് നൽകുകയും തൊഴിലധിഷ്ഠിതമായ കരിയർ ഫിക്സ് ചെയ്യാൻ സഹായിക്കുകയും ചെയ്യുന്നു. ഈ സൗകര്യം ആവശ്യമുള്ള കുട്ടികൾ എയ്ഡർ ടീം മെമ്പേഴ്സിനെ വിവരം അറിയിക്കുമല്ലോ - 9645776746.

### മലയാളം, ഹിന്ദി കോപ്രഹെൻസീവ് ക്രാഷ് കോഴ്സ്

മലയാളം, ഹിന്ദി വിഷയങ്ങളിൽ - വായന, എഴുത്ത് എന്നിവയിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾക്കായി ഒരാഴ്ചത്തെ കോംപ്രിഹെൻസീവ് കോച്ചിംഗ് നൽകാൻ ആഗ്രഹിക്കുന്നു. വരുന്ന അവധിക്കാലത്തെ അടിസ്ഥാനമാക്കി ആയിരിക്കും ക്യാമ്പ് നടത്തുക. കൂടുതൽ വിവരങ്ങൾക്ക്: 9645776746.

### റൈസ് ടു ഐഎഎസ് മെയിൻസ് പരീക്ഷ

റൈസ് ടു ഐഎഎസിന്റെ മെയിൻസ് പരീക്ഷ രൂപതയിലെ വിവിധ സെന്ററുകളിലായി ജനുവരി പത്താം തീയതി നടക്കുന്നു. പ്രില്ല്യംസ് വിജയിച്ച എല്ലാ കുട്ടികളും മെയിൻസിനായി ഒരുങ്ങണമെന്ന് അഭ്യർഥിക്കുന്നു. പരീക്ഷ രാവിലെ 9.30 മുതൽ 12.30 വരെ ആയിരിക്കും.

**ഫാ. ജോർജ് വെള്ളയ്ക്കാകുടിയിൽ**
ഡയറക്ടർ, എയ്ഡർ എഡ്യൂകെയർ

# സ്റ്റാർട്ട് (START)

## START @ 20 - A Christmas of Gratitude

താമരശേരി രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ സ്റ്റാർട്ടിലെ ക്രിസ്തുമസ് ആഘോഷങ്ങൾ താമരശേരി രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നക്ഷത്രവിളക്ക് തെളിച്ചു കൊണ്ട് ഉദ്ഘാടനം ചെയ്തു. ക്രിസ്തുമസ് എപ്പോഴും സന്തോഷത്തിന്റേതാണെന്നും ഏത് പ്രതിസന്ധിഘട്ട ങ്ങളിലും പ്രത്യാശയുള്ളവരായിരിക്കണമെന്നും അഭിവന്ദ്യ പിതാവ് തന്റെ സന്ദേശത്തിൽ പറഞ്ഞു. ഫാ. ഡോ. സുബിൻ കിഴക്കേവീട്ടിൽ ആമുഖ പ്രഭാഷണം നടത്തിയ യോഗത്തിൽ രൂപത ചാൻസലർ ഫാ. ഡോ. സെബാസ്റ്റ്യൻ കാവളക്കാട്ട്, പാറോപ്പടി ഫൊറോന വികാരി ഫാ. സൈമൺ കിഴക്കേക്കുന്നേൽ, കോർപ്പറേഷൻ വാർഡ് കൗൺസിലർ ശ്രീമതി. വിനീത സജീവ് എന്നിവർ സംസാരിച്ചു. സ്റ്റാർട്ടിലെ വിദ്യാർഥികളുടെ വിവിധ കലാപരിപാടികളും അരങ്ങേറി. PDDM, SKD സന്യാസഭവനങ്ങളിലെ സിസ്റ്റേഴ്സിന്റെ കരോൾ ഗാനങ്ങൾ ആഘോഷങ്ങളുടെ മാറ്റു കൂട്ടുകയും ക്രിസ്തുമസുമായി ബന്ധപ്പെട്ട വിവിധ പ്രതീകങ്ങളുടെ ചരിത്രം വിവരിക്കുന്ന സ്കിറ്റ് ക്രിസ്തുമസിന്റെ ചരിത്രം മനസ്സിലാക്കാനുള്ള അവസരമായി മാറുകയും ചെയ്തു.

സ്റ്റാർട്ടിന്റെ പുതിയ സംരംഭമായ 6 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾക്കായുള്ള 'Wing for Multiple Intelligence Aptitude Test' അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു.

**ഫാ. ജേക്കബ് കിഴക്കേവീട്ടിൽ**
ഡയറക്ടർ, സ്റ്റാർട്ട്

# ആൽഫാ മരിയ അക്കാദമി

കുന്നമംഗലത്ത് പ്രവർത്തിക്കുന്ന ആൽഫാ മരിയ അക്കാദമിയിൽ ജർമ്മൻ ഭാഷാ പരിശീലന ക്ലാസുകൾ മികച്ച രീതിയിൽ പുരോഗമിക്കുന്നു. വിദ്യാർഥികൾക്കും ജോലി തേടുന്നവർക്കും വിദേശ പഠന തൊഴിൽ അവസരങ്ങൾ ലക്ഷ്യമിട്ടുള്ള ഗുണമേന്മയുള്ള ഭാഷാ പരിശീലനമാണ് അക്കാദമി നൽകുന്നത്.

ഓരോ മാസവും പുതിയ ബാച്ചുകൾ ആരംഭിക്കുന്നതാണ് അക്കാദമിയുടെ പ്രത്യേകത. ഇതിനൊപ്പം, നഴ്സുമാർക്കായി പ്രത്യേക ജർമ്മൻ ഭാഷാ ബാച്ച് ജനുവരിയിൽ ആരംഭിക്കും. ഗോയ്ഥെ (Goethe) മാതൃകയും TELC മാതൃകയും അനുസരിച്ചുള്ള ഭാഷാ പരിശീലനം ഇവിടെ ലഭ്യമാണ്. ഇതോടൊപ്പം, ഗോയ്ഥെയും TELCയും സംബന്ധിച്ച പരീക്ഷ തയ്യാറെടുപ്പിനും പ്രത്യേക ക്ലാസുകൾ സംഘടിപ്പിക്കുന്നു.

TELC പരീക്ഷയ്ക്കായി പരീക്ഷാകേന്ദ്രം ഒരുക്കുന്നതിനുള്ള സംവിധാനങ്ങളും അക്കാദമി ഒരുക്കുന്നുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യങ്ങളും ലഭ്യമാണ്.

നഴ്സുമാർക്കായി സൗജന്യ കോച്ചിംഗും സൗജന്യ ഫ്ളൈറ്റ് ടിക്കറ്റും നൽകുന്ന പ്രത്യേക പിന്തുണാ പദ്ധതികളും ആൽഫാ മരിയ അക്കാദമി നടപ്പിലാക്കുന്നു.

**ഫാ. ജോസ്ഫ് പുളിച്ചമാക്കൽ**
ഡയറക്ടർ, ആൽഫാ മരിയ അക്കാദമി

# കത്തോലിക്കാ കോൺഗ്രസ്

## പരാതി സമർപ്പണം

മലയോര മേഖലകളിലെ കർഷകർ നേരിടുന്ന പ്രധാന വെല്ലുവിളിയായ വന്യമൃഗ ആക്രമണങ്ങൾക്കെതിരെ ശക്തമായ ഇടപെടലുകൾ നടത്താൻ സംഘടനയ്ക്ക് സാധിച്ചു. പഞ്ചായത്തുകളോട് ചേർന്ന് വനം വകുപ്പ് ആരംഭിച്ച ഹെൽപ്പ് ഡെസ്ക്കുകൾ വഴി നൂറുകണക്കിന് പരാതികൾ സമർപ്പിക്കുകയും യൂണിറ്റുകൾ കേന്ദ്രീകരിച്ച് അപേക്ഷാ ഫോറങ്ങൾ വിതരണം ചെയ്യുകയും മലയോര മേഖലയിലെ ഇടവകകളിൽ നിന്ന് വൻതോതിൽ പരാതികൾ വനംവകുപ്പിൽ എത്തിക്കുകയും ചെയ്തു.

## അവകാശ സംരക്ഷണ ദിനാചരണം (ഒക്ടോബർ 12)

സമുദായം നേരിടുന്ന വിവിധ പ്രതിസന്ധികളെയും അനീതികളെയും പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി ഒക്ടോബർ 12 അവകാശ സംരക്ഷണദിനമായി ആചരിച്ചു. ലോകമെമ്പാടുമുള്ള ക്രൈസ്തവ വേട്ടക്കെതിരെയും, കേരളത്തിലെ ന്യൂനപക്ഷ അവകാശ ലംഘനങ്ങൾക്കെതിരെയും പ്രതിഷേധങ്ങൾ സംഘടിപ്പിക്കുകയും വിവിധ യൂണിറ്റുകളിൽ ബാനറുകളും പ്ലക്കാർഡുകളും ഉയർത്തി പ്രതിഷേധ സംഗമങ്ങളും വിശദീകരണ യോഗങ്ങളും നടത്തുകയും ചെയ്തു.

## സ്ത്രീ സംരംഭകത്വവും വിപണന മേഖലയും

സാമ്പത്തിക ശാക്തീകരണം ലക്ഷ്യമിട്ട് വനിതാ സഹകരണ സംഘങ്ങൾക്കും വിപണന കേന്ദ്രങ്ങൾക്കും രൂപം നൽകി.

*വനിതാ സൊസൈറ്റി:* സ്ത്രീ സംരംഭകത്വ പദ്ധതിയുടെ ഭാഗമായി കോടഞ്ചേരി കേന്ദ്രമാക്കി ആദ്യ വനിതാ സൊസൈറ്റിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചു.

*സൺഡേ മാർക്കറ്റുകൾ:* കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന ത്തിനായി പന്തല്ലൂർ, ദേവഗിരി, കോടഞ്ചേരി എന്നീ യൂണിറ്റുകളിൽ സൺഡേ മാർക്കറ്റുകൾക്ക് തുടക്കം കുറിച്ചു.

## HOPE Desk വെബിനാർ

SIR ൽ പേര് ചേർക്കേണ്ടത് എങ്ങനെയാണ് എന്നത് സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ നൽകി, സമുദായ അംഗങ്ങളെ സഹായിക്കാൻ ഹോപ് ഡെസ്ക് എന്ന് പേരിട്ടിരിക്കുന്ന ഹെൽപ്പ് ഡെസ്ക് 'SIR അറിയേണ്ടതും ചെയ്യേണ്ടതും' എന്ന വിഷയത്തിൽ 2025 നവംബർ 21-ന് ഓൺലൈൻ വെബിനാർ സംഘടിപ്പിച്ചു. വെബിനാറിന് സജീവൻ ഒതയോത്ത്, ആന്റണി ആറ്റിൽച്ചിറ എന്നിവർ നേതൃത്വം നൽകി.

**ഫാ. മാത്യു തൂമുള്ളിൽ**
ഡയറക്ടർ, കത്തോലിക്ക കോൺഗ്രസ്

## മരിയൻ പ്രോലൈഫ് മൂവ്മെന്റ്

താമരശ്ശേരി രൂപത മരിയൻ പ്രോലൈഫ് മൂവ്മെന്റിന്റെ കീഴിലുള്ള സെന്റ് ജിയന്ന പ്രോലൈഫ് ചാരിറ്റബിൾ ട്രസ്റ്റ്, പുല്ലൂരാംപാറ ഇടവകാംഗം സോജൻ ഷൈനി ദമ്പതികളുടെ മകൾ ഏഞ്ചലിന് വിദ്യാഭ്യാസ സഹായം നൽകി. പുല്ലൂരാംപാറ ഇടവക വികാരി ഫാ. കുര്യാക്കോസ് മുഖാലയിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ മരിയൻ പ്രോലൈഫ് രൂപത പ്രസിഡണ്ട് ശ്രീ. സജീവ് പുരയിടം, സെക്രട്ടറി ജോൺസൺ തെങ്ങുതോട്ടത്തിൽ, ട്രഷറർ ടോമി പ്ലാത്തോട്ടം, തോമാച്ചൻ പുത്തൻപുര, ഇടവക പ്രസിഡന്റ് സ്റ്റാൻലി പ്ലാംപറമ്പിൽ എന്നിവർ സന്നിഹിതരായിരുന്നു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോലൈഫ് മൂവ്മെന്റ്



# കരിസ്മാറ്റിക് മൂവ്മെന്റ്

### ജൂബിലേവൂസ് - 2026

സുവർണ്ണ ജൂബിലി ഉപവാസപ്രാർഥന 'ജൂബിലേവൂസ്'–2026 നവംബർ 20 ന് മരുതോങ്കര ഇടവകയിലും, ഡിസംബർ 20 ന് താമരശ്ശേരി സിഎംസി സിസ്റ്റേഴ്സിന്റെ ചാവറ കോൺവെന്റ് ചാപ്പലിലും സംഘടിപ്പിച്ചു. മരുതോങ്കരയിൽ ഫാ. സിബി കുഴിവേലിൽ ക്ലാസ്സെടുക്കുകയും വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകുകയും ചെയ്തു. സോണൽ കോഡിനേറ്റർ ഷാജു കാഞ്ഞിരത്തിങ്കൽ മധ്യസ്ഥ പ്രാർഥനയ്ക്ക് നേതൃത്വം നൽകി.

ചാവറ കോൺവെന്റ് ചാപ്പലിൽ സി. റിനി സിഎംസി ക്ലാസ്സെടുക്കുകയും ഫാ. സിബി കുഴിവേലിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. സബ് കോഡിനേറ്റർ ജോർജ് പള്ളിയോടി, സോണൽ സർവീസ് ടീം മെമ്പർ ബേബി പഴംപ്ലാക്കൽ, ജോസ് വടക്കേൽ, സി. ഫിൽസി സിഎംസി, ബെന്നിച്ചൻ കറുകമാലിൽ എന്നിവർ മധ്യസ്ഥപ്രാർഥനയ്ക്ക് നേതൃത്വം നൽകി.

### നൈറ്റ് വിജിൽ

നവംബർ മാസത്തിലെ നൈറ്റ് വിജിൽ തോട്ടുമുക്കം സബ്സോണിലെ പുഷ്പഗിരി ഇടവകയിൽ നടന്നു. ഫാ. ജോൺസൺ പഴൂക്കുന്നേൽ ക്ലാസ്സിനും വി. കുർബാന അർപ്പണത്തിനും നേതൃത്വം നൽകിയ നൈറ്റ് വിജിലിന് കോഴിക്കോട് സോണിന്റെയും തോട്ടുമുക്കം സബ് സോണിന്റെയും സർവീസ് ടീം അംഗങ്ങൾ പങ്കുചേർന്നു.

### സബ് സോൺ ആനിമേറ്റർ

ഫാ. ജയ്സൺ കാരക്കുന്നലിനെ തിരുവമ്പാടി സബ് സോൺ ആനിമറ്ററായും, ഫാ. ജേക്കബ് കോയിപ്പുറത്തിനെ വിലങ്ങാട് സബ് സോൺ ആനിമേറ്ററായും അഭിവന്ദ്യ പിതാവ് നിയമിച്ചു.

ബഹുമാനപ്പെട്ട വൈദികർക്ക് കരിസ്മാറ്റിക്ക് കുടുംബത്തിലേക്ക് പ്രത്യേകം സ്വാഗതം ആശംസിക്കുന്നു.

## വിലങ്ങാട് സബ് സോൺ

കോഴിക്കോട് സോണിന് അഭിമാനമായി വിലങ്ങാട് സബ് സോണിന് പുതിയ സർവീസ് ടീം രൂപം കൊണ്ടു.

ആനിമേറ്റർ : ഫാ. ജേക്കബ് കോയിപ്പുറത്ത്, പാലൂർ
ആനിമേറ്റർ : സി. അനു MSMI, വാളൂക്ക്
കോഡിനേറ്റർ : ജയ്മോൾ കാവിൽപുരയിടം, വാളൂക്ക്
അംഗങ്ങൾ : സിസിലി എടാട്ട് - വിലങ്ങാട്, ലില്ലി പുതിയാമറ്റത്തിൽ-വിലങ്ങാട്, മേരി ഞെട്ടേൽ-വിലങ്ങാട്, ടെസ്സി താഴത്തുകുന്നേൽ-പാലൂർ, ആൻസി തറപ്പേൽ-വാളൂക്ക്, ടെസ്സി അമ്പാട്ട്-വാളുക്ക്, മേഴ്സി കുന്നത്തേട്ട്-മഞ്ഞക്കുന്ന്, ലിസ്സി മാണിമല-മഞ്ഞക്കുന്ന്, ബേബി ഞെട്ടേൽ-വിലങ്ങാട്, ജോയി വെട്ടുകല്ലേൽ-വിലങ്ങാട് എന്നിവരാണ്.



## ക്രിസ്റ്റീൻ മിനിസ്ട്രി

## ഉണ്ണീശോയ്ക്ക് ഒരു ബൈബിൾ-2025

റോമാ ലേഖനം എഴുതി പൂർത്തിയാക്കിയ ക്രിസ്റ്റീൻ (Std V-XII) കുട്ടികൾ താമരശ്ശേരി ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ സാന്നിധ്യത്തിൽ ഒത്തുചേരുന്ന വിവരം സന്തോഷ ത്തോടെ അറിയിക്കുന്നു. 2026 ജനുവരി 17 ന് ശനിയാഴ്ച 9.30 am-2pm വരെയുള്ള ഈ പ്രോഗ്രാമിലേക്ക് റോമാ ലേഖനം എഴുതിയ എല്ലാ കുട്ടികളെയും പങ്കെടുപ്പിക്കാൻ ബഹുമാനപ്പെട്ട ആനിമേറ്റേഴ്സ് ശ്രദ്ധിക്കുമല്ലോ. കുട്ടികൾ എഴുതിയ ബൈബിൾ ബൈൻഡ് ചെയ്തു കൊണ്ടുവരേണ്ടതാണ്. റോമാ ലേഖനം എഴുതി പൂർത്തിയാക്കിയ മുഴുവൻ കുട്ടികളു ടെയും പേര്, വീട്ടുപേര്, ഇടവക, ക്ലാസ്, മൊബൈൽ

നമ്പർ എന്നിവ ഇതോടൊപ്പം നൽകുന്ന വാട്സ്ആപ്പ് നമ്പറിൽ രജിസ്റ്റർ ചെയ്യണമെന്ന് ഓർമിപ്പിക്കുന്നു. +919061399673. ഈ പ്രോഗ്രാമിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് വേണ്ടി പ്രസംഗ മത്സരവും ഉപന്യാസ രചന മത്സരവും ക്വിസ് മത്സരവും സംഘടിപ്പിച്ചിട്ടുണ്ട്.

**ഫാ. ഡൊമിനിക് കുഴിവേലിൽ**
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്, ക്രിസ്റ്റീൻ മിനിസ്ട്രി

## ജീസസ് ഫ്രട്ടേണിറ്റി

*'ഞാൻ കാരാഗൃഹത്തിൽ ആയിരുന്നു. നിങ്ങൾ എന്റെ അടുക്കൽ വന്നു'* (മത്താ 25, 36) എന്ന യേശുനാഥന്റെ വാക്കുകൾ ഹൃദയത്തിൽ ഏറ്റു വാങ്ങി തടവറ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും പ്രാർഥനയും സാമ്പത്തിക സഹായവും നൽകി ഇതിനോട് ചേർന്നു നിൽക്കുന്നവർക്കും ഫ്രട്ടേണിറ്റി കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ ക്രിസ്തുമസ് ആശംസകൾ. തവനൂർ സെൻട്രൽ ജയിലിൽ കഴിയുന്ന കത്തോലിക്കാരായ സഹോദരങ്ങൾക്ക് വേണ്ടി മാസത്തിൽ രണ്ട് ഞായറാഴ്ച അനുതാപ ശുശ്രൂഷയും വി. കുർബാനയും ക്രമപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് ജില്ലാ ജയിലിൽ എല്ലാ ആഴ്ചയിലും പ്രാർഥന നടത്തുന്നു. ക്രിസ്തുമസ് ആഘോഷത്തോട് അനുബന്ധിച്ച് കോഴിക്കോട് സബ് ജയിലിൽ കലാപരിപാടികൾ ഒരുക്കി കേക്ക് വിതരണം ചെയ്തു. തവനൂർ സെൻട്രൽ ജയിലിൽ നൽകിയ മോട്ടിവേഷൻ ക്ലാസ് ഉപകാരപ്രദമായി.



# കരുണാഭവൻ

അഭിവന്ദ്യ പിതാവും ബഹുമാനപ്പെട്ട കൂരിയാംഗങ്ങളും ഡിസംബർ 16 ന് കരുണാഭവൻ സന്ദർശിക്കുകയും ക്രിസ്തുമസ് പുതുവത്സരാശംസകൾ നേരുകയും ചെയ്തു. അഭിവന്ദ്യ പിതാവിനെ അന്തവാസികൾ ആഘോഷപൂർവം സ്വീകരിക്കുകയും ക്രിസ്തുമസ് പരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. അഭിവന്ദ്യ പിതാവ് ക്രിസ്തുമസ് കേക്ക് മുറിച്ച് എല്ലാവർക്കുമായി വിതരണം ചെയ്തു.

പാറോപ്പടി ഇടവകയിലെ വേദപാഠ വിദ്യാർഥികളും അധ്യാപകരും കരുണാഭവൻ സന്ദർശിക്കുകയും, പരിപാടികൾ അവതരിപ്പിക്കുകയും, ക്രിസ്തുമസ് സമ്മാനങ്ങൾ കൈമാറുകയും ചെയ്തു. മറ്റ് പല ഇടവകകളിൽ നിന്നായി കുട്ടികളും മതാധ്യാപകരും വിവിധ സംഘടനകളും കരുണാഭവൻ സന്ദർശിച്ച്, ക്രിസ്തുമസ് സമ്മാനങ്ങൾ പങ്കുവച്ചു. സുപ്പീരിയർ സി. മേബിളിന്റെയും സി. അമലയുടെയും നാമഹേതുക തിരുനാൾ ഡിസംബർ മാസത്തിൽ ആഘോഷിച്ചു.

**ഫാ. സൈമൺ കിഴക്കേകുന്നേൽ**
ഡയറക്ടർ, ജീസസ് ഫ്രട്ടേണിറ്റി, കരുണാഭവൻ

# ബഥാനിയ ധ്യാനകേന്ദ്രം

**'അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു' (1 പത്രോ 2,24)**

## ധ്യാനങ്ങൾ

ഉണ്ണീശോയുടെ തിരുപ്പിറവിക്കൊരുക്കമായി 25 നോമ്പിന്റെ എല്ലാ ദിവസങ്ങളിലും ബഥാനിയായിൽ മൂന്ന് വിശുദ്ധ കുർബാനകൾ ഉണ്ടായിരുന്നു. അനേകം ആളുകൾ ആ ദിവസങ്ങളിലെ വിശുദ്ധ കുർബാനകളിൽ പങ്കെടുക്കുകയും കുമ്പസാരിച്ച് മടങ്ങുകയും ചെയ്തു.

ഡിസംബർ 19 മുതൽ 22 വരെ ദിവസങ്ങളിൽ ജീവിതനവീകരണ ധ്യാനം നടത്തപ്പെട്ടു. ധാരാളം വിശ്വാസികൾ ധ്യാനത്തിൽ പങ്കെടുക്കുകയും ആത്മീയ ഉണർവോടെ മടങ്ങുകയും ചെയ്തു. 2026 ജനുവരി മാസത്തിൽ ജീവിതനവീകരണധ്യാനം 9 മുതൽ 12 വരെ തീയതികളിലാണ് സംഘടിപ്പിച്ചിരിക്കുന്നു.

## ആദ്യവെള്ളി കൺവെൻഷൻ

ഡിസംബർ മാസം അഞ്ചാം തീയതി, ആദ്യവെള്ളിയാഴ്ച ആവേമരിയ ഹാളിൽ നടന്ന ഏകദിന കൺവെൻഷനിൽ ആയിരങ്ങൾ പങ്കെടുത്തു. രാവിലെ 9 മണിക്ക് ആരംഭിച്ച കൺവെൻഷനിൽ വിശുദ്ധ കുരിശിന്റെ വഴി, ജപമാല, സ്തുതി ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം, വിടുതൽ ശുശ്രൂഷ, വിശുദ്ധ കുർബാന, വിശുദ്ധ കുമ്പസാരം, വചനസന്ദേശം, സ്പിരിചൽ ഷെയറിങ് തുടങ്ങിയവ ഉണ്ടായിരുന്നു.

## ഏകദിന കൺവെൻഷൻ

ഡിസംബർ മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും കൺവെൻഷനുകൾ നടന്നു. പങ്കെടുത്തവർക്ക് പുത്തൻ ഉണർവ് നൽകാൻ

ബഥാനിയായിലെ ശുശ്രൂഷകൾക്ക് സാധിച്ചു. രാവിലെ 9.30 ന് ആരംഭിക്കുന്ന കൺവെൻഷനിൽ കുരിശിന്റെ വഴി, ജപമാല, സ്തുതി ആരാധന, വിടുതൽ ശുശ്രൂഷ, വിശുദ്ധ കുർബാന, വിശുദ്ധ കുമ്പസാരം, വചന സന്ദേശം, സ്പിരിച്വൽ ഷെയറിങ് തുടങ്ങിയവ ഉണ്ടായിരുന്നു. കുമ്പസാരിക്കാൻ ഉള്ള അവസരം നിരവധി വ്യക്തി കൾ പ്രസ്തുത ദിവസങ്ങളിൽ പ്രയോജനപ്പെടുത്തി.

### വിശുദ്ധ കുർബാനയും കുമ്പസാരവും

തിങ്കൾ മുതൽ ശനി വരെ എല്ലാ ദിവസവും രാവിലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും രാത്രി 7 മണിക്കും വിശുദ്ധ കുർബാന ഉണ്ടായി രുന്നു. കുമ്പസാരത്തിനുള്ള അവസരവും എല്ലാ ദിവസവും ക്രമീകരിച്ചിരുന്നു. ആയിരക്കണക്കിന് വിശ്വാസികൾ ഇരുപത്തഞ്ചു നോമ്പിന്റെ ദിവസങ്ങളിൽ ബഥാനിയായിൽ കുമ്പസാരിക്കാനായി കടന്നുവന്നു.

### സ്പിരിച്വൽ ഷെയറിങ്ങും മധ്യസ്ഥ പ്രാർഥനയും

ഞായർ ഒഴികെ എല്ലാ ദിവസവും മധ്യസ്ഥ പ്രാർഥന സംഘടി പ്പിച്ചു. ബഥാനിയായിലെ വിവിധ ചാപ്പലുകളിൽ നടക്കുന്ന ഈ പ്രാർഥന നയിക്കുന്നത് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷക രാണ്. സ്പിരിച്വൽ ഷെയറിങ്ങിനുള്ള അവസരം പ്രസ്തുത ദിവസ ങ്ങളിൽ ഒരുക്കിയിരുന്നു.

### 2026 ജനുവരി മാസത്തെ പ്രോഗ്രാമുകൾ

| | | |
|---|---|---|
| 02 ആദ്യവെള്ളി | - | ഏകദിന കൺവെൻഷൻ |
| 09 വെള്ളി | - | ഏകദിന കൺവെൻഷൻ |
| | | ജീവിത വിശുദ്ധീകരണ ധ്യാനം (9 -12) |
| 16 വെള്ളി | - | ഏകദിന കൺവെൻഷൻ |
| 23 വെള്ളി | - | ഏകദിന കൺവെൻഷൻ |
| 30 വെള്ളി | - | ഏകദിന - കൺവെൻഷൻ |

**ഫാ. റോണി പോൾ കാവിൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# വികസന വേദി

## എയ്ഡ്സ് ദിനാചരണം

കാറ്റുള്ളമല ദർശന മഹിളാസമാജം എയ്ഡ്സ് ദിനാചരണം നടത്തി. കൂരാച്ചുണ്ട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ JPH, എൻ. നോബിൾ പാത്തിച്ചാലിൽ, JHI ചിത്രലേഖ നാളംവീട്ടിൽ എന്നിവർ ക്ലാസ്സെടുത്തു. ഏരിയ കോർഡിനേറ്റർ മോളി സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. മഹിളാസമാജം പ്രസിഡന്റ് മേരി മാത്യു അധ്യക്ഷത വഹിച്ചു.

## കാർഷിക വായ്പ പുതുക്കൽ

സിഒഡിയുടെ നേതൃത്വത്തിൽ താമരശ്ശേരി കാനറാ ബാങ്കുമായി സഹകരിച്ച് പശുക്കടവ്, കുണ്ടുതോട് എന്നീ സ്ഥലങ്ങളിൽ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കുവേണ്ടി കാർഷിക വായ്പ പുതുക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ബാങ്ക് സ്റ്റാഫ്, COD സ്റ്റാഫ് എന്നിവർ നേതൃത്വം നല്കി.

## ബാങ്ക് ലിങ്കേജ്

ധനലക്ഷ്മി ബാങ്കിന്റെ ധനസഹായത്തോടെ COD നടത്തുന്ന തൊഴിൽ പരിശീലന പദ്ധതിക്ക് തുടക്കമായി. കോഴിക്കോട് റീജണൽ ചീഫ് മാനേജർ ഹരീഷ് എൻ, മൈക്രോ ക്രെഡിറ്റ് ആൻഡ് അഗ്രി ഹെഡ് തൃശ്ശൂർ ചീഫ് മാനേജർ രാജേഷ് കെ. അലക്സ്, ഏരിയ ഫീൽഡ് ഓഫീസർ ജെയ്മോൻ എന്നിവർ പദ്ധതിയെക്കുറിച്ച് വിശദീകരിച്ചു.

## വിലങ്ങാട് പുനരധിവാസം

COD യുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന വിലങ്ങാട് പുനരധിവാസ പദ്ധതിയുടെ ഭാഗമായുള്ള വീടുകളുടെ നിർമാണം നടന്നുകൊണ്ടിരി

ക്കുന്നു. 70 വീടുകളിൽ 32-ാമത്തെ വീടിന്റെ വെഞ്ചിരിപ്പ് വികാരി ജനറാൾ മോൺ. ജോയ്സ് വയലിൽ നിർവഹിച്ചു. 33-ാമത് വീടിന്റെ വെഞ്ചിരിപ്പ് അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നടത്തി. ജനുവരി അവസാനത്തോടെ മുഴുവൻ വീടുകളുടെയും പണികൾ പൂർത്തീകരിക്കും. ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര, പ്രോജക്ട് ഓഫിസർമാരായ സിദ്ധാർഥ് എസ് നാഥ്, ആൽബിൻ സഖറിയാസ്, ക്രിസ്റ്റീന റോസ് ജോർജ് എന്നിവരുടെ നേതൃത്വത്തി ലാണ് വീടുകളുടെ നിർമാണം നടക്കുന്നത്.

## 'സേഫ് വിതിൻ' റീകണക്ട് വയനാട്, വിലങ്ങാട്

കാരിത്താസ് ഇന്ത്യയുടെ സഹായത്തോടെ KSSF നേതൃത്വം കൊടുക്കുന്ന സേഫ് വിത്തിൻ പദ്ധതിയും കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററും ഡിസംബർ 1 ന് MMPC ഹാളിൽ വെച്ച് കാരിത്താസ് ഇന്ത്യ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ബെന്നി എടയത്ത് ഉദ്ഘാടനം ചെയ്തു. പരിപാടിയിൽ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അധ്യക്ഷത വഹിച്ചു. KSSF ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ, KSSF കോർഡിനേറ്റർ സജോ ജോയി, കാരിത്താസ് സ്റ്റേറ്റ് ഓഫീസർ അഭീഷ് ആന്റണി എന്നിവർ പങ്കെടുത്തു. COD ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര സ്വാഗതം അർപ്പിച്ച ചടങ്ങിൽ പ്രോഗ്രാം കോർഡിനേറ്റർ കെ സി ജോയി നന്ദി അർപ്പിച്ചു.

'സേഫ് വിതിൻ' പ്രോജക്ടിന്റെ ആരംഭത്തെ തുടർന്ന് ബേസ് ലൈൻ സർവേ നടത്തി. വിലങ്ങാട്, പുതുപ്പാടി പഞ്ചായത്തുകളിലായി 45 പേരുടെ സാംപിൾ കളക്ട് ചെയ്താണ് സർവേ നടത്തിയത്. സേഫ് വിത്തിൻ പദ്ധതിയുടെ ഭാഗമായി ഡിസംബർ 17, 18 തീയതികളിൽ കമ്മ്യൂണിറ്റി കൗൺസിലേഴ്സിനും ബി ഫ്രണ്ടിങ് കോർഡിനേറ്റേഴ്സി നുള്ള മെന്റൽ ഹെൽത്ത് ആൻഡ് സൈക്കോസോഷ്യൽ സപ്പോർട്ട് ട്രെയിനിങ് WSSS മാനന്തവാടിയിൽ വച്ച് നടന്നു. ബാംഗ്ലൂർ NIMHANS ന്റെ നേതൃത്വത്തിലാണ് രണ്ട് ദിവസത്തെ ട്രെയിനിങ് പ്രോഗ്രാം നടത്തിയത്.

## വാർഷികാഘോഷവും ക്യാൻസർ കെയർ ക്യാമ്പയിൻ ലോഞ്ചിങ്

താമരശ്ശേരി രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ സെന്റർ ഫോർ ഓവറോൾ ഡെവലപ്മെന്റിന്റെ (സിഒഡി) 36-ാമത് വാർഷികാഘോഷം മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. മേരി മാത കത്തീഡ്രൽ പാരിഷ് ഹാളിൽ നടന്ന പ്രോഗ്രാമിൽ വികാരി ജനറാൾ മോൺ. ജോയ്സ് വയലിൽ അധ്യക്ഷത വഹിച്ചു. സൗത്ത് ഇന്ത്യൻ ബാങ്ക്, കെയർ ആൻഡ് സേഫ് എന്നിവയുടെ സഹകരണത്തോടെ നടത്തുന്ന ക്യാൻസർ കെയർ ക്യാമ്പയിന്റെ ലോഞ്ചിങ്ങ് അഭിവന്ദ്യ പിതാവ് നിർവഹിച്ചു. സൗത്ത് ഇന്ത്യൻ ബാങ്ക് ചീഫ് ഓപ്പറേറ്റിംഗ് ഓഫിസർ ആന്റോ ജോർജ് ടി, അസിസ്റ്റന്റ് ജനറൽ മാനേജർമാരായ ജാകിലിൻ എം. ഫെർണാണ്ടസ്, നൗഫൽ, കെയർ ആൻഡ് സേഫ് സോണൽ ഹെഡ് റോണി ഗിൽബർട്ട് എന്നിവർ സംസാരിച്ചു, സിഒഡി ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര സ്വാഗതവും പ്രോഗ്രാം കോർഡിനേറ്റർ ജോയി കെ സി നന്ദിയും പറഞ്ഞു. 2024-25 വർഷത്തെ പ്രവർത്തന റിപ്പോർട്ട്, ഹാൻഡ് ബുക്ക് എന്നിവയുടെ പ്രകാശനവും നടത്തി. സിദ്ധാർഥ് എസ് നാഥ്, ബീന കെ. മാത്യു, ക്രിസ്റ്റീന റോസ് ജോർജ് എന്നിവർ നേതൃത്വം നൽകി.

## മെഡിക്കൽ ക്യാമ്പ്

പുതുപ്പാടി GVS ഉം താമരശ്ശേരി നേത്ര കണ്ണാശുപത്രിയും സംയുക്തമായി മെഡിക്കൽ ക്യാമ്പ് നടത്തി. പരിപാടി വാർഡ് മെമ്പർ ഡെന്നി വർഗീസ് ഉദ്ഘാടനം ചെയ്തു. ഏരിയ കോർഡിനേറ്റർ ഡെയ്സി ജോയ്, റിൻസി മനോജ്, ഉഷ സിബി, സീനത്ത് എന്നിവർ നേതൃത്വം നൽകി. 60 പേർ ക്യാമ്പിൽ പങ്കെടുത്തു.

തിരുവമ്പാടി ജനകീയ ആസൂത്രണ സെന്ററുമായി സംയോജിച്ച് ഹെൽത്ത് ക്ലാസ്സും മെഡിക്കൽ ക്യാമ്പും നടത്തി. ഷുഗർ, ബി.പി., എച്ച്.ബി., വെയിറ്റ് എന്നിവ പരിശോധിച്ചു.

# ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റി (LDS)

## ക്ലാസുകൾ

LDS ന്റെ നേതൃത്വത്തിൽ +1 വിദ്യാർഥികൾക്കായി മലപ്പുറം സെന്റ് ജെമ്മാസിലും പത്താം ക്ലാസുകാർക്കായി പുല്ലൂരാംപാറ സെന്റ് ജോസഫ്സിലും ക്ലാസ് സംഘടിപ്പിച്ചു. മാത്യു ഇമ്മാനുവൽ മേൽവെട്ടം ക്ലാസ്സെടുത്തു. പശുക്കടവ് സ്കൂളിലെ വിദ്യാർഥികളുടെ രക്ഷകർത്താക്കൾക്കായി ബോധവത്കരണ സെമിനാർ സംഘടിപ്പിച്ചു. ഫാ. തോമസ് പാറൻകുളങ്ങര, മാത്യു ഇമ്മാനുവൽ മേൽവെട്ടം എന്നിവർ നേതൃത്വം നൽകി.

പുത്തനങ്ങാടി സെന്റ് ജോസഫ്സ് സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർഥികൾക്കായി കോട്ടയത്ത് നടത്തിയ ദ്വിദിന ക്യാമ്പിൽ LDS ടീം മെമ്പർമാരായ മാത്യു ഇമ്മാനുവൽ മേൽവെട്ടം, സന്ദീപ് കളപ്പുരക്കൽ, ജേക്കബ് കോച്ചേരി എന്നിവർ വിവിധ സെഷനുകൾ നയിച്ചു.

## അഡ്മിഷൻ

ബാംഗ്ലൂർ സെന്റ് ബെനഡിക്ട് മംഗലാപുരം യൂണിറ്റി നഴ്സിംഗ് കോളേജുകളിൽ LDS മുഖേന അഡ്മിഷൻ എടുത്ത വിദ്യാർഥി കളെയും രക്ഷകർത്താക്കളെയും കോളേജുകളിൽ എത്തിച്ചു. മാനേജർ ഷിനോജ് പി സി, പ്രിൻസ് തോമസ് ആലക്കൽ എന്നിവർ നേതൃത്വം നൽകി. 2026- 27 അധ്യയന വർഷത്തേക്കുള്ള നഴ്സിംഗ് (BSc, General, Post BSc.) അഡ്മിഷൻ ആരംഭിച്ചു. സീറ്റുകൾ ബുക്ക് ചെയ്യാൻ 9447929223 നമ്പറിൽ വിളിക്കുക.

## DCL ടാലന്റ് ഫെസ്റ്റ്

ദീപിക ബാലസഖ്യം (DCL) കോഴിക്കോട് പ്രവിശ്യയുടെ നേതൃത്വത്തിൽ കൂരാച്ചുണ്ട്, കോടഞ്ചേരി, തിരുവമ്പാടി, കാലിക്കറ്റ് സിറ്റി മേഖലകളിൽ ടാലന്റ് ഫെസ്റ്റ് നടത്തി. ഫാ. തോമസ് പാറൻകുളങ്ങര, സന്ദീപ് കളപ്പുരക്കൽ, മാത്യു ഇമ്മാനുവൽ മേൽവെട്ടം, മേഖല ഓർഗനൈസർമാർ എന്നിവർ നേതൃത്വം നൽകി. 2000–ത്തോളം വിദ്യാർഥികൾ പങ്കെടുത്തു.

## താമരശ്ശേരി അഗ്രിക്കൾച്ചറൽ ഫാർമേഴ്സ് സോഷ്യൽ വെൽ ഫെയർ കോ–ഓപ്പറേറ്റീവ് സൊസൈറ്റി

താമരശ്ശേരി രൂപതയുടെ അഭിമുഖ്യത്തിൽ കോഴിക്കോട് ജില്ലയിൽ സഹകരണ മേഖലയിൽ മുൻനിരയിൽ പ്രവർത്തിച്ചുവരുന്ന സൊസൈറ്റിയിൽ വിവിധ തരം വായ്പകൾ നൽകി വരുന്നു.

### സ്വർണ്ണ പണയ വായ്പ

സ്വാശ്രയ ഗ്രൂപ്പുകൾ, കുടുംബശ്രീ, അയൽക്കൂട്ട വായ്പ, ചെറുകിട കച്ചവടക്കാർക്കുള്ള വായ്പകൾ.

### നിക്ഷേപങ്ങൾ

- സ്ഥിരനിക്ഷേപങ്ങൾക്ക് 8.50% വരെ പലിശ, ഏജന്റ് വഴി നിത്യനിധി നിക്ഷേപങ്ങൾ, സേവിംഗ്സ് നിക്ഷേപങ്ങൾക്ക് ദിവസം കണക്കാക്കി 4% പലിശ
- മൊബൈൽ ബാങ്കിംഗ് ഇടപാടിലൂടെ പണം നിക്ഷേപിക്കാനും പിൻവലിക്കാനുള്ള ഏറ്റവും നൂതനമായ മൊബൈൽ അപ്ലിക്കേഷൻ സംവിധാനം

- RTGS, NEFT, IMPS സൗകര്യം
- വിവിധ സല: കളുടെ ചിട്ടികൾ (പ്രതിമാസ സമ്പാദ്യ പദ്ധതി)
- COD യുമായി ചേർന്ന് ഭാഗ്യവർഷ പദ്ധതികൾ
- വിവിധ തരം ഇൻഷ്വറൻസ് പദ്ധതികൾ
- സേഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യം തുടങ്ങിയ ബാങ്കിംഗ് മേഖലയിലെ എല്ലാ സേവനങ്ങളും ലഭ്യമാണ്.

  പ്രവർത്തന സമയം തിങ്കൾ മുതൽ ശനിവരെ രാവിലെ 9.30 മുതൽ വൈകുന്നേരം 5 മണി വരെ.

## Institute of Food and Agricultural Ethics (IFAE)

ഭക്ഷ്യവും കൃഷിയും സംബന്ധിച്ച ധാർമിക മൂല്യങ്ങളെ ആസ്പദമാക്കി പഠനവും ഗവേഷണവും നടത്തുന്ന ഇന്ത്യയിലെ ആദ്യ സ്ഥാപനം ആണ് IFAE. താമരശ്ശേരി രൂപതയുടെ സംരംഭമായാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ബന്ധപ്പെടുക: 9946646205

### ബയോഡൈവേഴ്സിറ്റി അഗ്രികൾച്ചറൽ നഴ്സറി

ഉയർന്ന ഗുണനിലവാരമുള്ളതും വിശ്വാസ്യതയുള്ളതുമായ ഫലവൃക്ഷ തൈകൾ, നാണ്യവിളകൾ, അലങ്കാര ചെടികൾ, വിത്തുകൾ, ചെടിച്ചട്ടികൾ, ജൈവവളങ്ങൾ, ജൈവ കീടനിയന്ത്രണ ഉൽപ്പന്നങ്ങൾ, കാർഷിക ഉപകരണങ്ങൾ എന്നിവ ബിഷപ്പ് ഹൗസിന് സമീപം പ്രവർത്തിക്കുന്ന നഴ്സറിയിൽ ലഭ്യമാണ്.

### ബയോഡൈവേഴ്സിറ്റി അഗ്രി ഫാം

IFAEയുടെ മേൽനോട്ടത്തിൽ തെയ്യപ്പാറ എസ്റ്റേറ്റിൽ കാർഷിക ഫാം പ്രവർത്തനങ്ങൾ സജീവമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ഫാമിൽ നിന്നുമുള്ള നേന്ത്രവാഴകുലകളുടെയും പച്ചക്കറി തൈകളുടെയും വില്പന തുടങ്ങിയിരിക്കുന്നു.

**കിസാൻഭാരത് ഡിജിറ്റൽ കാർഷിക മാർക്കറ്റ്**

കർഷകനും ഉപഭോക്താവും നേരിട്ട് ബന്ധപ്പെടുന്ന ഇടനിലക്കാരില്ലാത്ത സൗജന്യ ഓൺലൈൻ കാർഷിക പ്ലാറ്റ്ഫോം. www. kisanbharath.com

**കിസാൻ ലൈൻ  കർഷകർക്കായി സൗജന്യ സഹായം**

കാർഷിക സംശയങ്ങൾക്കും മാർഗനിർദേശങ്ങൾക്കും 24×7 സൗജന്യ ഹെൽപ്പ് ലൈൻ. ടോൾഫ്രീ: 1800 425 3777, www.kisanline.com.

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, വികസനവേദി, LDS, TAFCOS, IFAE

# തീർഥയാത്രകൾ

മാർപാപ്പയെ കാണാൻ സുവർണാവസരം ഒരുക്കുന്ന യൂറോപ്പ് യാത്ര, യേശു ജനിച്ചു ജീവിച്ച നാടുകളിലൂടെയുള്ള വിശുദ്ധനാട് തീർഥയാത്ര, ഗോവ യാത്ര തുടങ്ങിയവയാണ് നിലവിൽ നടന്നു കൊണ്ടിരിക്കുന്ന യാത്രകൾ. 2026 ഏപ്രിൽ 13-22 തീയതികളിലായി വിശുദ്ധനാട് യാത്രയും, 2026 മെയ് ആദ്യവാരം യൂറോപ്പ് യാത്രയും സംഘടിപ്പിച്ചിരിക്കുന്നു. 2026 ജനുവരി 23 ന് ഒരുക്കിയിരിക്കുന്ന ഗോവ യാത്രയുടെ ബുക്കിംഗ് അവസാനിച്ചു. യാത്രയിൽ 40 പേർ ഉൾപ്പെടുന്ന രണ്ട് ബാച്ചുകളിലാണ് പങ്കുചേരുന്നത്.

തീർഥയാത്രകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ യാത്രയുടെ പേര്, വ്യക്തിയുടെ പേര്, വീട്ടുപേര്, സ്ഥലം, വാട്സ്ആപ്പ് നമ്പർ എന്നിവ താഴെ കൊടുത്തിരിക്കുന്ന നമ്പറിലേക്ക് അയച്ച് ബുക്ക് ചെയ്യുക PH: 9447008376.

**ഫാ. ജോർജ് മുണ്ടനാട്ട്**
ഡയറക്ടർ, സെന്റ് അൽഫോൻസ ടൂർസ്-പിൽഗ്രിമേജ്സ്

# ഇൻഫാം
## (Indian Farmers Movement)

### മെമ്പർഷിപ്പ് ക്യാമ്പയിൻ

ഇൻഫാം താമരശ്ശേരി കാർഷിക ജില്ലയുടെ നേതൃത്വത്തിൽ മെമ്പർഷിപ്പ് ക്യാമ്പയിൻ നടന്നുകൊണ്ടിരിക്കുന്നു. കുറഞ്ഞ സമയം കൊണ്ട് ആയിരത്തോളം പുതിയ മെമ്പർമാരെ ചേർക്കുവാനായിട്ട് സാധിച്ചു. പശുക്കടവ്, തലയാട് ഇടവകകളിലാണ് ഈ മാസം ക്യാമ്പയിൻ നടത്തിയത്.

### വിളംബര ജാഥയും ദീപശിഖ പ്രയാണവും

ഇൻഫാം രജത ജൂബിലിയോട് അനുബന്ധിച്ച് നടത്തിയ ദീപശിഖാ പ്രയാണത്തിന് കൂരാച്ചുണ്ടിൽ തുടക്കം കുറിച്ചു. താമരശ്ശേരി രൂപത മെത്രാനും ഇൻഫാം ദേശീയ രക്ഷാധികാരിയുമായ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ദീപശിഖാ പ്രയാണം ഉദ്ഘാടനം ചെയ്തു. മുൻ ഇൻഫാം ദേശീയ സെക്രട്ടറി മോൺ. ആന്റണി കൊഴുവനാലിന്റെ കബറിടത്തിലെ പ്രാർഥനയ്ക്ക് ശേഷം ജാഥാ ക്യാപ്റ്റൻ ശ്രീ. സ്കറിയ നെല്ലംകുഴിക്ക് ദീപശിഖ കൈമാറി. ദീപശിഖ പ്രയാണത്തിന് പുല്ലൂരാംപാറ, കോടഞ്ചേരി എന്നിവിടങ്ങളിൽ ഇൻഫാം ഭാരവാഹികൾ സ്വീകരണം നൽകി. ഇൻഫാമിന്റെ ആദ്യകാല പ്രവർത്തകരെ ആദരിച്ച പ്രസ്തുത ചടങ്ങിൽ ഫാ. ജോർജ് മുണ്ടനാട്ട് (ഇൻഫാം താമരശ്ശേരി കാർഷിക ജില്ലാ ഡയറക്ടർ), ഫാ. തോമസ് പാറൻകുളങ്ങര, ഫാ. ജോസ് പെണ്ണാപറമ്പിൽ (ഇൻഫാം മലബാർ റീജിണൽ ഡയറക്ടർ), ഇൻഫാം ഭാരവാഹികൾ എന്നിവർ സംബന്ധിച്ചു.

**ഫാ. ജോർജ് മുണ്ടനാട്ട്**
ഡയറക്ടർ, ഇൻഫാം,



# യേശുനിധി

2025 നവംബർ മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെ ചേർക്കുന്നു.

| | | |
|---|---|---|
| **Education** | | |
| 1 | Erude | 10,000.00 |
| 2 | Karingad | 10,000.00 |
| 3 | Koorachundu | 15,000.00 |
| 4 | Manjuvayal | 10,000.00 |
| 5 | Poozhithode | 10,000.00 |
| 6 | Valamboor | 20,000.00 |
| | **Home** | |
| 7 | Koorachundu | 10,000.00 |
| 8 | Koorachundu | 15,000.00 |
| 9 | Poilomchal | 15,000.00 |
| 10 | P T Chacko Nagar | 10,000.00 |
| 11 | Pulloorampara | 15,000.00 |
| 12 | Pushpagiri | 15,000.00 |
| 13 | Puthuppady | 10,000.00 |
| 14 | Vayalada | 10,000.00 |
| | **Marriage** | |
| 15 | Kannoth | 20,000.00 |
| 16 | Koodathai | 20,000.00 |
| 17 | Koorachundu | 20,000.00 |
| 18 | Passukadave | 20,000.00 |
| 19 | Peruvannamuzhi | 20,000.00 |
| 20 | Venappara | 20,000.00 |
| | **Medical** | |
| 21 | Chamal | 10,000.00 |
| 22 | Chamal | 10,000.00 |
| 23 | East Hill | 15,000.00 |
| 24 | Kannoth | 10,000.00 |
| 25 | Kannoth | 15,000.00 |
| 26 | Kannoth | 10,000.00 |
| 27 | Kariyathumpara | 8,000.00 |
| 28 | Kariyathumpara | 12,000.00 |
| 29 | Kuttipuram | 12,000.00 |
| 30 | Manjakunnu | 15,000.00 |
| 31 | Manjakunnu | 12,000.00 |
| 32 | Manjakunnu | 10,000.00 |
| 33 | Maramchatty | 12,000.00 |
| 34 | Muthukad | 15,000.00 |
| 35 | Muthukad | 12,000.00 |
| 36 | Nenmeni | 10,000.00 |
| 37 | Nooramthode | 12,000.00 |
| 38 | Peruvannamuzhi | 10,000.00 |
| 39 | Pushpagiri | 15,000.00 |
| 40 | Pushpagiri | 15,000.00 |
| 41 | Thiruvambady | 50,000.00 |
| 42 | Vettilappara | 10,000.00 |
| | **Miscellaneous** | |
| 43 | Erude | 10,000.00 |
| | **Total** | **6,05,000.00** |

ഫാ. ജോർജ് മുണ്ടനാട്ട്
ഫിനാൻസ് ഓഫീസർ

# അജപാലനകുറിപ്പുകൾ

**നവംബർ 2025**

28 വൈകുന്നേരം, വിശ്വാസ സമൂഹത്തിന്റെ വിവിധ ആവശ്യങ്ങളെക്കുറിച്ച് ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനുമായി ക്ലിഫ് ഹൗസിൽ ചർച്ച നടത്തി.

29 രാവിലെ, കുണിഞ്ഞി സെന്റ് ആന്റണീസ് ഇടവക പള്ളിയിൽ സി. ലില്ലി ഗ്രേസ് സി. എം. സി യുടെ വ്രതവാഗ്ദാന സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് വിശുദ്ധ കുർബാന അർപ്പിച്ചു.

വൈകുന്നേരം, തൊടുപുഴ സെന്റ് സെബാസ്റ്റ്യൻ ടൗൺ പള്ളിയിൽ ഒരു കുഞ്ഞിന് പ്രവേശക കൂദാശകൾ നൽകി.

എഫ് എച്ച് ജി എസ് സന്യാസിനി സമൂഹത്തിലെ പരേതയായ സി. റാണി പാറയിൽകിലുക്കന്റെ ഭൗതികദേഹം അങ്കമാലി മേക്കാട്ട് പ്രൊവിൻഷ്യൽ ഹൗസിൽ സന്ദർശിച്ച്, ഒപ്പീസ് ചൊല്ലി.

30 രാവിലെ, മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി ഫുട്ബോൾ ടൂർണ്ണമെന്റിന്റെ ഫിക്സ്ചർ പ്രകാശനം കോരങ്ങാട് നടത്തി.

മഞ്ഞുമല ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

ഉച്ചകഴിഞ്ഞ്, കുളത്തുവയൽ ഇടവകയിലെ സമർപ്പിതരുടെ സംഗമത്തിൽ പങ്കെടുത്തവരോടൊപ്പം ഇടവക ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന് നടന്ന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

വൈകുന്നേരം, കട്ടിപ്പാറ ഇടവകയിലെ ജോർദാൻ കുടുംബ കൂട്ടായ്മ വാർഷിക സമ്മേളനത്തിൽ പങ്കെടുത്തു.

**ഡിസംബർ**

1 രാവിലെ, എം.എം.പി.സി. ഹാളിൽ രൂപതയുടെ സാമൂഹിക സേവന വിഭാഗമായ COD യും കാരിത്താസ് ഇന്ത്യയും കേരള സോഷ്യൽ സർവീസ് ഫോറവും സംയുക്തമായി നടത്തുന്ന 'സേഫ് വിതിൻ' പദ്ധതി ഉദ്ഘാടന ചടങ്ങിന് അധ്യക്ഷത വഹിച്ചു സംസാരിച്ചു.

ഉച്ചകഴിഞ്ഞ്, തിരുവമ്പാടി പാരിഷ്ഹാളിൽ തിരുവമ്പാടി മേഖല കുടുംബ കൂട്ടായ്മ നേതൃസംഗമം ഉദ്ഘാടനം ചെയ്തു ക്ലാസ് എടുത്തു.

2 രാവിലെ, കോരങ്ങാട് SMMI സന്യാസിനി ഭവന കപ്പേളയിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

രൂപതാ ഭവനിൽ നടന്ന ഫിനാൻസ് കൗൺസിൽ മീറ്റിങ്ങിന് അധ്യക്ഷത വഹിച്ചു.

ഉച്ചകഴിഞ്ഞ്, മരിയാപുരം ഇടവക ഓഡിറ്റോറിയത്തിൽ നടന്ന പെരിന്തൽമണ്ണ മേഖല കുടുംബ കൂട്ടായ്മ നേതൃസംഗമം ഉദ്ഘാടനം ചെയ്തു ക്ലാസ് എടുത്തു.

3 രാവിലെ, രൂപത മൈനർ സെമിനാരി കപ്പേളയിൽ വിശുദ്ധ കുർബാനയർപ്പിക്കുകയും തുടർന്ന് വൈദിക വിദ്യാർഥികൾക്ക് ക്ലാസ് എടുക്കുകയും ചെയ്തു.

രൂപതാ ഭവനിൽ വച്ച് നടന്ന ഫൊറോന വികാരിമാരുടെ യോഗം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

ഉച്ചകഴിഞ്ഞ്, കൂടരഞ്ഞി പാരിഷ്ഹാളിൽ നടന്ന തിരുവമ്പാടി ഫൊറോന കുടുംബകൂട്ടായ്മ നേതൃസംഗമം ഉദ്ഘാടനം ചെയ്തു ക്ലാസ് എടുത്തു.

4 രാവിലെ, അൽഫോൻസ കോളേജിൽ നടന്ന 'ACTIZEN 25' ഇന്റർ

കോളേജിയറ്റ് ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ്, കോടഞ്ചേരി മിണ്ടാ മഠത്തിൽ സന്ദർശക ടീമിനൊപ്പം ചർച്ചകളിൽ പങ്കെടുത്തു.

വൈകുന്നേരം, കോടഞ്ചേരി പാരിഷ്ഹാളിൽ നടന്ന കോടഞ്ചേരി ഫൊറോന കുടുംബകൂട്ടായ്മ നേതൃസംഗമം ഉദ്ഘാടനം ചെയ്തു ക്ലാസ് എടുത്തു.

പരി. അമ്മയുടെ അമലോത്ഭവ തിരുനാളിനോടനുബന്ധിച്ച് നിർമ്മല ഹോസ്പിറ്റലിലെ ആഘോഷത്തിൽ പങ്കെടുത്തു.

5 ഉച്ചകഴിഞ്ഞ്, കൂരാച്ചുണ്ട് പാരിഷ് ഹാളിൽ നടന്ന കൂരാച്ചുണ്ട് ഫൊറോന കുടുംബകൂട്ടായ്മ നേതൃസംഗമം ഉദ്ഘാടനം ചെയ്തു ക്ലാസ് എടുത്തു.

വൈകുന്നേരം ചെമ്പനോട പാരിഷ് ഗ്രൗണ്ടിൽ നടന്ന പോപ്പുലർ മിഷൻ ധ്യാനത്തിന് വചന സന്ദേശം നൽകി.

6 രാവിലെ, എഫ് സി സി സ്നേഹഭവൻ കപ്പേളയിൽ ദിവ്യബലി അർപ്പിച്ചു.

ഉച്ചയ്ക്ക്, എഫ് എസ് ടി യുടെ നേതൃത്വത്തിൽ എം എം പി. സി ഹാളിൽ നടന്ന ക്വിസ് മത്സരത്തിന്റെ സമാപന യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയും വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, മൈലള്ളാംപാറയിൽ പരേതനായ ചാക്കോ പുരയിടത്തിലിന്റെ ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർഥിച്ചു

വൈകുന്നേരം, ഊരകം ഇടവക ദേവാലയത്തിൽ മതാധ്യാപകരുടെ തുടർ പരിശീലന പരിപാടിയായ പവർ സെല്ലിൽ സംബന്ധിച്ചവർക്ക് വേണ്ടി ക്ലാസെടുത്തു.

7 വിളക്കാംതോട് ഇടവകയിൽ അജപാലന സന്ദർശനം നടത്തി

വൈകുന്നേരം, വെറ്റിലപ്പാറയിൽ പരേതരായ സണ്ണി വെട്ടുകാട്ടിലിന്റെയും റോസമ്മ ഔസേപ്പ് പറമ്പിലിന്റെയും ഭവനങ്ങൾ സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർഥിച്ചു.

8 രാവിലെ, ബത്തേരി വാളവയൽ ധ്യാനകേന്ദ്രത്തിൽ സഭാപുത്രിമാർ സന്യാസിനി സമൂഹത്തിന്റെ സിനാക്സിസിൽ സംബന്ധിച്ചവർക്ക് വേണ്ടി ക്ലാസ്സെടുത്തു.

വൈകുന്നേരം, പുതുപ്പാടി ഫിലിപ്പ് നേരി സന്യാസിനി സമൂഹ ജനറലേറ്റിൽ ക്ലാസ് എടുക്കുകയും തുടർന്ന് സുപ്പീരിയർ ജനറൽ ബഹു. സി. ലിസേത്തയുടെ നാമഹേതുക തിരുനാൾ ആഘോഷത്തിൽ പങ്കുചേർന്ന് ആശംസകൾ അറിയിക്കുകയും ചെയ്തു.

9 രാവിലെ, ആൻസില്ല സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് സന്യാസിനി സമൂഹത്തിന്റെ സുപ്പീരിയർ ജനറലായി തെരഞ്ഞെടുക്കപ്പെട്ട സി. തങ്കമ്മ എബ്രഹാമിനെയും ഇന്ത്യ റീജിയൻ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ബെറ്റി ജോർജിനെയും രൂപതാ ഭവനിൽ സ്വീകരിച്ചു.

ഉച്ചകഴിഞ്ഞ്, രൂപതാ ഭവനിൽ നടന്ന റൂബി ജൂബിലി കമ്മിറ്റി യോഗത്തിന് അധ്യക്ഷത വഹിച്ചു.

10 രാവിലെ, ഡിവീന മിസരികോർദിയയുടെ നേതൃത്വത്തിൽ നടക്കുന്ന ഡിവൈൻ മേഴ്സി നാഷണൽ പിൽഗ്രിമേജ് സംഘത്തെ രൂപതാ ഭവനിൽ സ്വീകരിക്കുകയും അവരെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും ചെയ്തു.

11 രാവിലെ, കേരള തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിന്റെ ഭാഗമായി കോരങ്ങാട് ഗവ.സ്കൂളിൽ വോട്ട് ചെയ്തു.

12 എറണാകുളം പി ഒ സിയിൽ നടന്ന കെ സി ബി സി യോഗത്തിൽ പങ്കെടുത്തു.

13 രാവിലെ, വാണിയമ്പലം ദൈവാലയത്തിൽ വിശുദ്ധ കുർബാന

അർപ്പിക്കുകയും പുതുതായി പണികഴിപ്പിച്ച പരി. കന്യകാമറിയത്തിന്റെ നാമധേയത്തിലുള്ള കപ്പേള വെഞ്ചിരിക്കുകയും ചെയ്തു.

വാണിയമ്പലം ഇടവകയിൽ പരേതനായ ജോർജ് കിഴക്കരക്കാട്ടിനുവേണ്ടി ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർഥിച്ചു.

14 മഞ്ഞുവയൽ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

15 രാവിലെ, കൂരാച്ചുണ്ട് ഫൊറോന ദേവാലയത്തിൽ ഇൻഫാം രജതജൂബിലിയോടനുബന്ധിച്ച് കുർബാന അർപ്പിച്ചു. തുടർന്ന് മോൺ. ആന്റണി കൊഴുവനാൽ അച്ചന്റെ കബറിടത്തിൽ ഒപ്പീസ് ചൊല്ലി പ്രാർഥിക്കുകയും അവിടെ നിന്ന് ദീപശിഖ കൊളുത്തി പാരിഷ്ഹാളിലേക്ക് പ്രയാണം നടത്തുകയും ചെയ്തു. തുടർന്ന് കൂരാച്ചുണ്ട് പാരിഷ് ഹാളിൽ നടന്ന ഇൻഫാം രജത ജൂബിലിയോട് അനുബന്ധിച്ച് വിളംബര ജാഥയും ദീപശിഖാ പ്രയാണവും ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

ഉച്ചകഴിഞ്ഞ്, മുസ്ലിം യൂത്ത് ലീഗ് സംസ്ഥാന പ്രസിഡണ്ട് സയ്യിദ് മുനവറലി ശിഹാബ് തങ്ങളെ രൂപത ഭവനത്തിൽ സ്വീകരിച്ചു.

16 രാവിലെ, വെറ്റിലപ്പാറ ഇടവക ദേവാലയത്തിൽ, MSFS സന്യാസ സമൂഹാഗംവും വെറ്റിലപ്പാറ ഇടവകക്കാരനുമായ പരേതനായ ജേക്കബ് പുതിയേടത്തുചാലിൽ അച്ചന്റെ അനുസ്മരണ കുർബാന അർപ്പിച്ചു.

ഉച്ചക്ക്, താമരശ്ശേരി കത്തീഡ്രൽ പാരിഷ് ഹാളിൽ സി ഒ ഡി യുടെ 36 മത് വാർഷികാഘോഷവും, 'ആശാകിരണം 2.0' എന്ന പദ്ധതിയും ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, തലയാട് ഇടവകയിൽ പരേതയായ അന്നക്കുട്ടി മേൽവെട്ടത്തിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർഥിച്ചു

17 രാവിലെ, രൂപതാ ഭവനിൽ വച്ച് നടന്ന കോർപ്പറേറ്റ് പ്രധാന അധ്യാപകരുടെ സംഗമം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

ഉച്ചകഴിഞ്ഞ്, കടലുണ്ടി ഏൽ റൂഹ ധ്യാനകേന്ദ്രത്തിൽ, ധ്യാനത്തിൽ സംബന്ധിക്കുന്നവർക്ക് ക്ലാസ് എടുക്കുകയും തുടർന്ന് സഹനപാത കപ്പേളയുടെ വെഞ്ചിരിപ്പ് നടത്തുകയും ചെയ്തു.

വൈകുന്നേരം, കോഴിക്കോട് ഹോളിക്രോസ് കോളേജ് സംഘടിപ്പിച്ച 'കോമിയൻസോ' ദേശീയ ഇന്റർ കോളേജിയറ്റ് ഫെസ്റ്റിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

18 താമരശ്ശേരി റൂബി ജൂബിലി പ്രോഗ്രാമായ ഭിന്നശേഷിക്കാരുടെ ക്രിസ്തുമസ് ആഘോഷം പുതുപ്പാടി പാരിഷ്ഹാളിൽ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

വൈകുന്നേരം, അൽഫോൻസ സീനിയർ ഹയർ സെക്കൻഡറി സ്കൂളിന്റെ വാർഷികാഘോഷ യോഗം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

19 പരേതനായ ബഹു. മൈക്കിൾ കാരിമറ്റം അച്ചന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ച് കുളത്തുവയൽ ദേവാലയത്തിൽ അർപ്പിച്ച് അനുസ്മരണ ബലിയിൽ മുഖ്യകാർമികത്വം വഹിക്കുകയും തുടർന്ന് നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

ഉച്ചക്ക്, കുളത്തുവയൽ ഇടവകാംഗം പരേതനായ കോയിക്കൽ തോമസിനു വേണ്ടി ഒപ്പീസ് ചൊല്ലി പ്രാർഥിച്ചു.

വൈകുന്നേരം, അഗസ്ത്യാമുഴി സെന്റ് ജോസഫ് ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന ചിപ്പിലിത്തോട് വികാരി ഫാ. ജോണി ഐനിക്കലിനെ സന്ദർശിച്ചു.

തിരുവമ്പാടി സേക്രഡ് ഹാർട്ട് ഹയർ സെക്കൻഡറി സ്കൂൾ അങ്കണത്തിൽ നടന്ന പോപ്പുലർ മിഷൻ ധ്യാനത്തിന് വചന സന്ദേശം നൽകി.

താമരശ്ശേരി മൈനർ സെമിനാരിയിൽ നടന്ന ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കുചേർന്ന് സന്ദേശം നൽകി.

മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി മെമ്മോറിയൽ ഫുട്ബോൾ ടൂർണ

മെന്റ് ഉദ്ഘാടനം കോരങ്ങാട് എച്ച് എസ് എസ് ഗ്രൗണ്ടിൽ നിർവഹിച്ചു.

20 ഉച്ചയ്ക്ക്, ഓമശ്ശേരി സ്നേഹതീരം ഓഡിറ്റോറിയത്തിൽ ഒരു വിവാഹ വിരുന്നിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ്, രൂപതാ റൂബി ജൂബിലിയോട് ചേർന്ന് മാതൃവേദി യുടെ നേതൃത്വത്തിൽ താമരശ്ശേരി കത്തീഡ്രൽ പള്ളി പാരിഷ് ഹാളിൽ നടന്ന ക്രിസ്തുമസ് കരോൾ ഗാന മത്സര വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും വിവാഹത്തിന്റെ റൂബി ജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ ആദരിക്കുകയും ചെയ്തു.

വൈകുന്നേരം, കോഴിക്കോട് ദീപിക ദിനപത്ര ഓഫീസിൽ നടന്ന ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്തു.

മേരിക്കുന്ന് ജോൺപോൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന ക്രിസ്തുമസ് ആഘോഷത്തിൽ പങ്കുചേർന്നു.

കോഴിക്കോട് സിറ്റി സെന്ററിൽ ഒരു വിവാഹ വിരുന്നിൽ പങ്കെടുത്തു.

21 മഞ്ചേരി ഇടവകയിൽ അജപാലന സന്ദർനം നടത്തി.

വൈകുന്നേരം, ചേവരമ്പലം സ്റ്റാർട്ടിൽ നടന്ന ക്രിസ്തുമസ് ആഘോഷത്തിൽ പങ്കുചേർന്നു.

22 രാവിലെ, നവീകരിച്ച മഹാറാണി ജ്വല്ലറിയുടെ വെഞ്ചിരിപ്പു കർമം താമരശ്ശേരിയിൽ നിർവഹിച്ചു.

ക്രിസ്തുമസിനോടനുബന്ധിച്ച് ഗുഡ്നസ് ടിവിക്കായി പരിപാടി രൂപതാഭവനിൽ റെക്കോർഡ് ചെയ്തു.


ക്രിസ്തുമസിന് ഒരുക്കമായുള്ള വൈദികരുടെ മാസ ധ്യാനത്തി ലും തുടർന്നുള്ള ക്രിസ്തുമസ് ആഘോഷത്തിലും സംബന്ധിച്ച് അഭിസംബോധന ചെയ്തു സംസാരിച്ചു.

ഉച്ചകഴിഞ്ഞ്, താമരശ്ശേരി അൽഫോൻസ ട്രെയിനിംഗ് ഹാളിൽ നടന്ന രൂപത മതബോധന കമ്മിറ്റി യോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിച്ചു.

വൈകുന്നേരം, ക്രിസ്ത്യൻ യൂണിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ മഞ്ചേരി മുൻസിപ്പൽ ടൗൺ ഹാളിൽ നടത്തിയ 'ഐക്യ ക്രിസ്തുമസ് ആഘോഷം' ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

23 രാവിലെ താമരശ്ശേരി രൂപതയ്ക്കായി പഠിക്കുന്ന മേജർ സെമിനാരി വിദ്യാർഥികൾക്കുവേണ്ടി രൂപതാ മൈനർ സെമിനാരിയിൽ വിശുദ്ധ കുർബാനയർപ്പിക്കുകയും തുടർന്നുള്ള ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകുകയും ചെയ്തു.

25. താമരശ്ശേരി കത്തീഡ്രൽ ദേവാലയത്തിലെ ക്രിസ്തുമസ് തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.



# POPE LEO XIV

## ANGELUS

## 26 DECEMBER 2025



Dear friends, the birth of the Son of God among us calls us to live as children of God. He makes this possible by attracting us through the humility of people such as Mary, Joseph, and the shepherds, whom we encounter from that night in Bethlehem. Yet the beauty of Jesus, and of those who imitate his life, is also rejected, for from the beginning, his magnetic force has provoked the reaction of those who struggle for power, those who are exposed by their acts of injustice because of a goodness that reveals the intentions of their hearts (cf. Lk 2:35). To this day, however, no power can prevail over the work of God. Everywhere in the world, there are those who choose justice even at great cost, those who put peace before their fears, and those who serve the poor instead of themselves. Hope then sprouts, and it makes sense to celebrate despite everything.

In the current conditions of uncertainty and suffering in the world, joy might seem impossible. Today, those who believe in peace and have chosen the unarmed path of Jesus and the martyrs are often ridiculed, excluded from public discourse, and not infrequently accused of favoring adversaries and enemies. Christians, however, have no enemies, but brothers and sisters, who remain so even when they do not understand each other. The mystery of Christmas brings us a joy motivated by the tenacity of those who already live in fraternity, of those who already recognize around them, even in their adversaries, the indelible dignity of the daughters and sons of God. Like Jesus, Stephen died forgiving others because of a force more real than that of weapons. It is a gratuitous force, already present in the hearts of all, and which is reawakened and shared in an irresistible way when we begin to look at our neighbor differently, offering them attention and recognition. Yes, this is what it means to be reborn, to come once more into the light, this is our “Christmas!”

THAMARAMOTTUKAL
Registered with Register of Newspapers of India
RNI No. [illegible] - Date of Publication 29.12.2025



Printed & Published by Fr. Sebastian Kavalakkattu, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No1, Thamarassery P.O., Kozhikode - 673573 Printed at Alphonsa Offset Press, Near Cathedral Thamarassery, published at Thamarassery, Editor: Fr. Sebastian Kavalakkattu, Thamaramottukal Monthly, Volume 28, Issue 01, January 2026, Pages 64